# ക്രൈസ്തവ വനിത

(ഒരു ഗുഡ്ന്യൂസ് എജ്യൂക്കേഷണൽ സൊസൈറ്റി പ്രസിദ്ധീകരണം)

September - October 2026 No. 5/26



For Private Circulation Only

**CHRAISTHAVA VANITHA**

*For Private Circulation Only*

Founder Editor

**Annamma Charles John**

(A Good News Educational Society Publication)

**This is a publication solely for the propagation of the Word of God and thus for the encouragement and edification of the people of God**

**Editorial Committee**

**Mrs. Sherine Kingston, Mrs. Jessy Bensen**
**Mrs. Sobha Selin, Mr. George John**

**Articles for publication should be sent to:**
**Mrs. Sherine Kingston, P.O. Box 2501, MCPO**
**Trivandrum 695011 or by email to**
**sherinekingston@gmail.com. Mob : +919087144349**

# ഉള്ളടക്കം

- ദൈവത്തെ മാനിക്കുന്നവരെ ദൈവം മാനിക്കും ........ 1
- പ്രവാചകനെ കാണാനുള്ള ശിപാർശക്കത്ത് ........ 5
- ആയുസ്സിന്റെ വലുപ്പം ........ 8
- മറിയ ആരാധന വചനാനുസൃതമോ? ........ 10
- ദൈവമക്കൾ ക്രിസ്തുവിനെയാണ് ധരിക്കേണ്ടത് ........ 14
- ധീരയായ സ്ത്രീരത്നത്തിന്റെ വീഴ്ച ........ 18
- സാക്ഷാൽ സ്വാതന്ത്ര്യം ........ 21
- ഭക്തന്റെ കൊടി ........ 24
- നീ അവിടെ ഉണ്ടായിരുന്നുവോ? ........ 27
- നാഗന്മാരുടെ മാനസാന്തരം ........ 30
- വില്യം മക്ഡൊണാൾഡ് ആധുനിക ........ 33
- Quest -9 ........ Cover iv

# ദൈവത്തെ മാനിക്കുന്നവരെ ദൈവം മാനിക്കും

മാനിക്കുക, മാനിക്കപ്പെടുക, ആദരിക്കുക ഇതൊക്കെ ഏതൊരു മനുഷ്യന്റെയും ആഗ്രഹമാണ്. വേദപുസ്തകത്തിൽ ഉടനീളം വിവിധ സന്ദർഭങ്ങളിൽ മറ്റുള്ളവരെ മാനിച്ചതായും, മാനിക്കപ്പെട്ടതായും രേഖപ്പെടുത്തിയിട്ടുണ്ട്. മറ്റുള്ളവർ തങ്ങളെ മാനിക്കണം എന്ന് ആഗ്രഹിക്കാത്തവർ ആരും തന്നെ കാണുകയില്ല. ഒരാളിൽ നിന്നും നാം ഒരു ഉപകാരം സ്വീകരിക്കുകയാണെങ്കിൽ അവരെ മാനിക്കുക പതിവാണ്. എന്നാൽ നമ്മുടെ ചിന്ത മനുഷ്യൻ നമ്മെ മാനിക്കുന്നതിനെക്കുറിച്ചല്ല. ദൈവം നമ്മെ മാനിക്കുന്നതിനേക്കുറിച്ചാണ്. മനുഷ്യൻ പലപ്പോഴും നമ്മെ മാനിക്കുന്നതിൽ പിശുക്കു കാണിക്കും. എന്നാൽ നമ്മുടെ ദൈവം തരുന്ന ഉറപ്പ് ശ്രദ്ധേയമാണ്. എന്നെ മാനിക്കുന്നവരെ ഞാൻ മാനിക്കും. ദൈവം മനുഷ്യരെ മാനിക്കുന്നവനാണ്. അതിന് ഒരു മാനദണ്ഡമുണ്ട്.

വേദപുസ്തക ചരിത്രത്തിൽ ദൈവത്തെ മാനിച്ചവരെ, ദൈവിക വിഷയത്തിൽ ശുഷ്കാന്തി കാണിച്ചവരെ ദൈവം മാനിച്ചതായി കാണാം. ദൈവാലയ പണിക്കുവേണ്ടി കാര്യങ്ങൾ സങ്കല്പ്പിച്ച് ചെയ്യുവാൻ ആവശ്യമായ ജ്ഞാനവും, ബുദ്ധിയും സാമർത്ഥ്യവും നല്കി ദൈവം അനുഗ്രഹിച്ചത് യെഹൂദാ ഗോത്രത്തിൽ ഹൂരിന്റെ മകനായ ഊരിയുടെ മകനായ ബെസലേലിനെ ആണ്. ബെസലേലിന്റെ വല്യപ്പച്ചൻ ആണ് ഹൂര്. യിസ്രായേലും അമാലേക്യരുമായുള്ള യുദ്ധത്തിൽ മോശെയുടെ കൈയ്ക്ക് ഭാരം തോന്നിയപ്പോൾ അഹരോനും, ഹൂരുമാണ് കൂടെ നിന്ന് കൈ താങ്ങിയത് (പുറപ്പാട് 17:12). ദൈവിക കാര്യത്തിനുവേണ്ടി ഒരു ചെറിയ കൈതാങ്ങ് നല്കിയ തന്റെ പിൻതലമുറയെ ദൈവം മാനിച്ചു.

അതുപോലെ അബ്ശാലോമിനെ ഭയന്ന് യെരുശലേം വിട്ടോടിയ ദാവീദ് യോർദ്ദാൻ കടന്ന് മഹനീയീമിൽ എത്തി. അവിടെ വച്ച് ബർസില്ലായി എന്ന വയോധികനായ മനുഷ്യൻ ദാവീദിന്നും കൂട്ടർക്കും ആവശ്യമായ വിഭവങ്ങൾ നല്കി സഹായിച്ചു. (2 ശമൂ. 17:27-28) അതുകൊണ്ട് പിന്നത്തേതിൽ ദാവീദ് ബർസില്ലായിയെ യെരുശലേമിലേക്ക് തന്റെ കൂടെ വരുവാൻ ആവശ്യപ്പെട്ടു. തന്റെ വാർദ്ധക്യം കാരണം താൻ

അത് നിരസിച്ചു. (2 ശമൂ.19:31-39). എന്നാൽ ദാവീദ് മരണസമയത്ത് തന്റെ മകനായ ശലോമോനെ വിളിച്ച് പ്രത്യേകം നിർദ്ദേശം നല്കി. ബർസില്ലായിയുടെ മക്കളോട് നീ ദയ കാണിക്കണം. അവൻ നിന്റെ മേശയിങ്കൽ ഭക്ഷണം കഴിക്കുന്നവരുടെ കൂട്ടത്തിൽ ഇരിക്കട്ടെ (1 രാജാ.2:7). ദൈവത്തിനുവേണ്ടി, ദൈവരാജ്യത്തിനുവേണ്ടി പ്രവർത്തിക്കുന്നവരെയും അവരുടെ തലമുറകളെയും ദൈവം മാനിച്ച് അനുഗ്രഹിക്കും എന്നതിന് രണ്ടുപക്ഷമില്ല.

റോമിലേക്കുള്ള യാത്രയിൽ കപ്പൽ അപകടം നിമിത്തം പൗലൊസും കൂട്ടരും മേലീത്ത എന്ന ദ്വീപിൽ ചെല്ലേണ്ടി വന്നു. അവിടുത്തെ ദ്വീപു പ്രമാണി പുബ്ലിയൊസ് അവരെ കൈക്കൊണ്ടു മൂന്നു ദിവസം ആദരവോടെ അതിഥിസല്ക്കാരം ചെയ്തു. പുബ്ലിയൊസിന്റെ അപ്പൻ പനിയും, അതിസാരവും പിടിച്ച് കിടപ്പിലായിരുന്നു. പൗലൊസ് പ്രാർത്ഥിച്ചു സൗഖ്യം ലഭിച്ചു. അത് ആ ദ്വീപിൽ പ്രസിദ്ധമാകുകയും മറ്റ് ദ്വീപുകളിലെ ആൾക്കാരും വന്ന് സൗഖ്യം പ്രാപിക്കുകയും ചെയ്തു. അവരും ഏറിയ സമ്മാനം കൊടുത്ത് അവരെ മാനിച്ചു (അപ്പൊ. പ്ര. 28:7-10). പ്രിയ ദൈവമക്കളേ, ഇതൊക്കെ ദൈവത്താൽ സംഭവിച്ചതാണ്. ദൈവത്തെ മാനിക്കുന്നവരെ, ദൈവ മക്കളെ മാനിക്കുന്നവരെ, ദൈവവേലയെ മാനിക്കുന്നവരെ ദൈവം മാനിക്ക തന്നെ ചെയ്യും, മറക്കരുത്.

പുതിയനിയമത്തിൽ കുറേയനക്കാരനായ ശീമോൻ പെസഹാ ആചരിക്കുന്നതിനായി ആഫ്രിക്കയിലെ ലിബിയയിൽനിന്നും യെരുശലേമിലെത്തിയതായി വായിക്കുന്നു. പടയാളികളുടെ നിർബ്ബന്ധത്താൽ കർത്താവിന്റെ ക്രൂശു ചുമക്കേണ്ടി വന്നു. കുരിശു ചുമന്നപ്പോൾ ലജ്ജിച്ചിരിക്കാം. എന്നാൽ നമ്മുടെ കർത്താവിന്റെ കുരിശു ചുമന്നതു ഒരു മഹാഭാഗ്യപദവിയായി ശീമോൻ പരിഗണിച്ചിരിക്കുമെന്നതിൽ രണ്ടു പക്ഷമില്ല. താൻ കൊലയ്ക്കു വിധിച്ച ഒരു കൊടിയ കുറ്റവാളിയുടെ ശാപകരമായ കുരിശല്ല വഹിച്ചത്, പ്രത്യുത സർവ്വലോകത്തിന്റെയും രക്ഷണ്യദൗത്യനിർവഹണത്തിൽ താൻ യേശുകർത്താവിനെ സഹായിക്കയായിരുന്നു ചെയ്തത്. പിന്നത്തേതിൽ തന്റെ തലമുറ കർത്താവിൽ പ്രസിദ്ധരായതായി കാണുന്നു. ആദിമ സഭയിൽ ശീമോനും, ഭാര്യയും മക്കളായ അലക്സന്തരും, രൂഫൊസും ഗണനീയവ്യക്തികളായിത്തീർന്നു. (റോമർ 16:13).

എസ്ഥേർ 2:21 -ൽ ആ കാലത്ത് മൊർദ്ദെഖായി രാജാവിന്റെ വാതില്ക്കൽ ഇരിക്കുമ്പോൾ വാതില്ക്കാവല്ക്കാരിൽ രാജാവിന്റെ

രണ്ടു ഷണ്ഡന്മാരായ ബിഗ്ദ്ധാനും, തേരെശും ക്രുദ്ധിച്ച് അഹശ്വേരോശ് രാജാവിനെ കൈയ്യേറ്റം ചെയ്‌വാൻ തരം അന്വേഷിച്ചു. മൊർദ്ദെഖായി കാര്യം അറിഞ്ഞു എസ്ഥേറിന് അറിവു കൊടുത്തു. എസ്ഥേർ അതു മൊർദ്ദെഖായിയുടെ നാമത്തിൽ രാജാവിനെ ഗ്രഹിപ്പിച്ചു. രാജാവ് ഉടനെ അവരെ കഴുവിന്മേൽ തൂക്കിക്കളഞ്ഞു. ഇതു രാജാവിന്റെ ദിനവൃത്താന്തപുസ്തകത്തിൽ എഴുതി വെച്ചു.

ഒരു രാത്രി രാജാവിന് ഉറക്കം വന്നില്ല, അന്ന് ദിനവൃത്താന്തങ്ങൾ കുറിച്ചുവയ്ക്കുന്ന പുസ്തകം കൊണ്ടു വരുവാൻ കല്പിച്ചു. അത് രാജാവിനെ വായിച്ചു കേൾപ്പിച്ചു. രാജാവ് ഭൃത്യന്മാരോട് മൊർദ്ദെഖായിക്ക് എന്തെങ്കിലും ബഹുമാനവും പദവിയും കൊടുത്തോ എന്നു ചോദിച്ചു ഒന്നും കൊടുത്തില്ല എന്നു പറഞ്ഞു. താൻ തീർപ്പിച്ച കഴുമരത്തിൽ മൊർദ്ദെഖായിയെ തൂക്കിക്കളയുവാൻ അനുവാദം ചോദിക്കാൻ ഹാമാൻ പുറത്തു നില്ക്കയായിരുന്നു. ഉടനെ രാജാവ് ഹാമാനെ വരുത്തി രാജാവ് ബഹുമാനിക്കാൻ ഇച്ഛിക്കുന്ന പുരുഷന് എന്തെല്ലാം ചെയ്യും എന്ന് ചോദിച്ചു. നീ പറഞ്ഞതുപോലെകൊണ്ടുവന്നു രാജാവിന്റെ വാതില്ക്കൽ ഇരിക്കുന്ന യെഹൂദനായ മൊർദ്ദെഖായിക്ക് അങ്ങനെ ചെയ്ക. നീ പറഞ്ഞതിൽ ഒന്നും കുറച്ചു കളയരുത്. രാജവസ്ത്രം ധരിപ്പിച്ച് കുതിരപ്പുറത്തുകയറ്റി പട്ടണവീഥിയിൽ കൂടെ കൊണ്ടു നടന്നു, രാജാവ് ബഹുമാനിക്കാൻ ഇച്ഛിക്കുന്ന പുരുഷനു ഇങ്ങനെ ചെയ്യും എന്നു അവന്റെ മുമ്പിൽ വിളിച്ചു പറഞ്ഞു. മൊർദ്ദെഖായിക്കു കഴുകുമരം ഒരുക്കിയ ഹാമാനെക്കൊണ്ടുതന്നെ ദൈവം അതു ചെയ്യിപ്പിച്ചു.

കർത്താവിന്റെ വേലയെയും, കർത്താവിന്റെ വേല ചെയ്യുന്നവരെയും നിന്ദിക്കുന്നവരുടെയും, പരിഹസിക്കുന്നവരുടെയും അവസാനം എന്ത് എന്ന് താഴെ പറയുന്ന സംഭവം വ്യക്തമാക്കുന്നു. 1 ശമൂവേൽ 25-ാം അദ്ധ്യായത്തിൽ നാബാൽ എന്ന ധനികന്റെ ബാല്യക്കാർ മരുഭൂമിയിൽ അവർ ആട് മേയിച്ചുകൊണ്ടിരുന്നപ്പോൾ ദാവീദും ബാല്യക്കാരും അവർക്ക് ഒരു മതിൽ ആയിരുന്നു അവരെ വളരെ സഹായിച്ചു എന്നു കാണുന്നു. എന്നാൽ ദാവീദിനും കൂട്ടർക്കും മരുഭൂമിയിൽ വിശന്നപ്പോൾ നാബാൽ ഭക്ഷണം കൊടുത്തില്ല. അവരെ നിന്ദിച്ചതായി കാണുന്നു. നാബാൽ ദാവീദിന്റെ ഭൃത്യന്മാരോടു: ദാവീദ് ആർ? യിശ്ശായിയുടെ മകൻ ആർ? യജമാന്മാരെ വിട്ടു പൊയ്ക്കളയുന്ന ദാസന്മാർ ഇക്കാലത്തു വളരെ ഉണ്ട് എന്നൊക്കെ പറഞ്ഞ് അധിക്ഷേപിച്ചു. അവർക്ക് മാനം ലഭിക്കേണ്ട സ്ഥാനത്ത് അപമാനം ലഭിച്ചു. തത്ഫലമായി നാബാലിനെ ദൈവം ദണ്ഡിപ്പിച്ചു. സംഭവം

അറിഞ്ഞ ഉടൻ തന്നെ അബീഗയിൽ ആകട്ടെ, ഇരുനൂറു അപ്പവും രണ്ടു തുരുത്തി വീഞ്ഞും പാകം ചെയ്ത അഞ്ചു ആടും അഞ്ചു പറ മലരും നൂറു ഉണക്ക മുന്തിരിക്കുലയും ഇരുനൂറ് അത്തിയടയും എടുത്തു കഴുതപ്പുറത്തു കയറ്റി ബാല്യക്കാരോടു; നിങ്ങൾ എനിക്കു മുമ്പായി പോകുവിൻ; ഞാൻ ഇതാ പിന്നാലെ വരുന്നു എന്നു പറഞ്ഞു. തന്റെ ഭർത്താവിനോടു അവൾ ഒന്നും അറിയിക്കാതെ കഴുതപ്പുറത്തു കയറി മലയുടെ മറവിൽകൂടി ഇറങ്ങിച്ചെല്ലുമ്പോൾ ഇതാ, ദാവീദും അവന്റെ ആളുകളും അവളുടെനേരെ വരുന്നു. കണ്ട ഉടനെഅവൾ ക്ഷണത്തിൽ കഴുതപ്പുറത്തുനിന്നു ഇറങ്ങി ദാവീദിന്റെ മുമ്പിൽ സാഷ്ടാംഗം വീണു നമസ്ക്കരിച്ചു. ഭർത്താവ് ചെയ്ത തെറ്റിന്റെ ഉത്തരവാദിത്വം അവൾ സ്വയം ഏറ്റെടുത്ത്, തന്നോടു ക്ഷമിക്കേണമെ എന്ന് യാചിച്ചു. നാബാൽ പേരു പോലെ തന്നെ ഭോഷത്വം ആണ് പ്രവർത്തിച്ചത്. അതുകൊണ്ട് ഇപ്പോൾ യജമാനന്റെ അടുക്കൽ കൊണ്ടുവന്നിരിക്കുന്ന ഈ കാഴ്ച യജമാനന്റെ പരിചാരകരായ ബാല്യക്കാർക്ക് ഇരിക്കട്ടെ എന്നു പറഞ്ഞു. പിന്നെ അവൾ കൊണ്ടുവന്നതു ദാവീദ് അവളുടെ കൈയിൽനിന്നു വാങ്ങി അവളോടു: സമാധാനത്തോടെ വീട്ടിലേക്കു പോക; ഇതാ, ഞാൻ നിന്റെ വാക്കു കേട്ടു നിന്റെ മുഖം ആദരിച്ചിരിക്കുന്നു (മാനിച്ചിരിക്കുന്നു) എന്നു പറഞ്ഞു. ഇവിടെ നാം മനസ്സിലാക്കുന്നത് ദൈവത്തിന്റെ ദാസനായ ദാവീദിനെയും കൂട്ടരെയും മാനിക്കാത്ത നാബാലിന് ലഭിച്ചതോ അവൻ 10 ദിവസത്തിനുശേഷം മരിച്ചു എന്നതാണ്. തന്നെ മാനിച്ച അബീഗയിലിനെ പിന്നത്തേതിൽ ദാവീദ് ഭാര്യയായി സ്വീകരിച്ച് ബഹുമാന്യപദവിയിലേക്കു ഉയർത്തുന്നു.

യോഹന്നാൻ 12:26-ൽ പറയുന്നു എനിക്കു ശുശ്രൂഷ ചെയ്യുന്നവനെ പിതാവ് മാനിക്കും. അതുകൊണ്ട് നിങ്ങൾ ചെയ്യുന്നതൊക്കെയും കർത്താവിന് എന്നപോലെ മനസ്സോടെ ചെയ്വിൻ. സ്വർഗ്ഗസ്ഥനായ പിതാവ് നല്കുവാൻ പോകുന്ന പരസ്യമായ ശ്ലാഘ്യപത്രവും മഹത്ത്വവുമായി തട്ടിച്ച് നോക്കുമ്പോൾ ഇവിടുത്തെ ലജ്ജയും അപമാനവുമെല്ലാം ഏതുമില്ലാതാകുന്നു.

**ഷെറിൻ കിംഗ്സ്റ്റൻ**
ചീഫ് എഡിറ്റർ

*“ധനവും ബഹുമാനവും നിങ്കൽനിന്നു വരുന്നു; നീ സർവ്വവും ഭരിക്കുന്നു; ശക്തിയും ബലവും നിന്റെ കൈയിൽ ഇരിക്കുന്നു; സകലത്തെയും വലുതാക്കുന്നതും ശക്തീകരിക്കുന്നതും നിന്റെ പ്രവൃത്തിയാകുന്നു”*
*(1 ദിന 29:12)*

# പ്രവാചകനെ കാണാനുള്ള ശിപാർശക്കത്ത്

അരാമ്യർ യിസ്രായേൽ ദേശത്തുനിന്നു പിടിച്ചുകൊണ്ടുവന്ന ചെറിയ പെൺകുട്ടി പറഞ്ഞറിഞ്ഞ വിവരം കേട്ട് അരാം രാജാവ് തന്റെ സേനാപതിയായ നയമാന്റെ കുഷ്ഠരോഗം സൗഖ്യമാക്കേണ്ടതിനു വേണ്ടി യിസ്രായേൽ രാജാവിനു ഒരു ശിപാർശക്കത്ത് എഴുതി. "യജമാനൻ ശമര്യയിലെ പ്രവാചകന്റെ അടുക്കൽ ഒന്നു ചെന്നെങ്കിൽ അവൻ അവന്റെ കുഷ്ഠരോഗം മാറ്റിക്കൊടുക്കുമായിരുന്നു" എന്നാണ് ആ ചെറിയ പെൺകുട്ടി നയമാന്റെ ഭാര്യയായ തന്റെ യജമാനത്തിയോട് പറഞ്ഞത് (2 രാജാ.5:3).

'കേട്ടതു പാതി കേൾക്കാത്തതു പാതി' അരാംരാജാവ് യിസ്രായേൽ രാജാവിന് തന്റെ ഭൃത്യനായ നയമാനുവേണ്ടി ഒരു കത്തെഴുതി. "അവൻ യിസ്രായേൽ രാജാവിന്റെ അടുക്കൽ എഴുത്തുകൊണ്ടു ചെന്നു; അതിൽ : ഈ എഴുത്ത് കൊണ്ടുവരുന്ന എന്റെ ഭൃത്യൻ നയമാന്റെ കുഷ്ഠരോഗം നീ മാറ്റിക്കൊടുക്കേണ്ടതിന്നു ഞാൻ അവനെ നിന്റെ അടുക്കൽ അയച്ചിരിക്കുന്നു" എന്നിങ്ങനെയാണ് എഴുതിയിരുന്നത് (2 രാജാ. 5:6). ആരുടെ അടുക്കലാണ് പോകേണ്ടതെന്ന് വളരെ കൃത്യമായിട്ടായിരുന്നു ആ പെൺകുട്ടി പറഞ്ഞിരുന്നത്. എന്നാൽ അത് സംബന്ധിച്ച യാതൊരു സൂചനയും ഇല്ലാത്ത ഒരു എഴുത്താണ് രാജാവ് നല്കിയത്. പെൺകുട്ടി പറഞ്ഞത് എന്തായിരുന്നുവെന്ന് കുറഞ്ഞപക്ഷം നയമാനെങ്കിലും അറിഞ്ഞിരിക്കണമായിരുന്നു. എന്നാൽ വിവരം അറിയിച്ച പെൺകുട്ടി അല്ലാതെ അരാം രാജാവിനോ നയമാനോ യിസ്രായേൽ രാജാവിനോപോലും പ്രവാചകനെയാണ് കാണേണ്ട തെന്ന് അറിഞ്ഞുകൂടായിരുന്നു. എഴുത്തിലെ ഉള്ളടക്കം ഗ്രഹിക്കാനാകാതിരുന്നതു നിമിത്തം, അരാം രാജാവ് തന്നോടു ശണ്ഠയ്ക്കു കാരണം അന്വേഷിക്കുകയാണെന്നുപോലും യിസ്രായേൽ രാജാവ് തെറ്റിദ്ധരിച്ചു.

കൃത്യമായി സന്ദേശം കൈമാറി ഉദ്ദേശ്യം സാധിപ്പിക്കുന്നതിൽ ദാവീദ് എഴുതിയ ഒരു കത്ത് വളരെ ശ്രദ്ധേയമാണ്. തന്റെ ദാസനായ ഊരിയാവിനെ പട കഠിനമായിരിക്കുന്നേടത്തു മുന്നിൽ നിർത്തി അവൻ വെട്ടുകൊണ്ട് മരിക്കത്തക്കവണ്ണം അവനെവിട്ട് പിന്മാറുവിൻ എന്നാ

യിരുന്നു ദാവീദ് യോവാബിന് ഊരിയാവിന്റെ കൈവശം കൊടുത്തയച്ച എഴുത്തിന്റെ ഉള്ളടക്കം. യാതൊരു സംശയത്തിനും ഇടയില്ലാത്തവിധം വളരെ കൃത്യവും വ്യക്തവുമായിട്ടായിരുന്നു ദാവീദ് അതെഴുതിയിരിക്കുന്നത്. ഊരിയാവ് കൊല്ലപ്പെടണമെന്നും ഊരിയാവല്ലാതെ മറ്റാർക്കും അപകടം വരാതെ സൂക്ഷിക്കണമെന്നും എഴുതിയതിലൂടെ യോവാബല്ലാതെ മറ്റാരും അറിയാതൊരു കൊലപാതകം അപകടമെന്ന നിലയിൽ നടപ്പിലാക്കുവാൻ ദാവീദിനു കഴിഞ്ഞു (2ശമൂ. 11:14,15). പാപം മറയ്ക്കാനുള്ള അനേക പരിശ്രമങ്ങളും പരാജയപ്പെട്ടപ്പോഴായിരുന്നു ദാവീദ് വളരെ ആസൂത്രണം ചെയ്ത് ഈ കൊലപാതകം നടത്തിയത്. എന്നാൽ അരാം രാജാവ് എഴുതിയ കത്തിൽ അവനെ വ്യക്തിപരമായി ബാധിക്കുന്ന ഒന്നും തന്നെ ഉണ്ടായിരുന്നില്ല. കൃത്യമായ ഒരു സന്ദേശമായിരുന്നില്ല അതിലൂടെ കൈമാറിയത്. നയമാന് സൗഖ്യം ലഭിച്ചാൽ കൊള്ളാം എന്ന ലാഘവത്തോടെയുള്ള സന്ദേശമായിരുന്നു അത്.

ദാവീദിന് തന്റെ എഴുത്ത് വ്യക്തിപരമായിരുന്നു. അതിനു കൃത്യമായ ഒരു ലക്ഷ്യമുണ്ടായിരുന്നു. വളരെ സൂക്ഷ്മതയോടും ഗൗരവത്തോടും കൂടെയാണ് അതെഴുതിയത്. എന്നാൽ അരാം രാജാവിന് തന്റെ എഴുത്ത് ഭൃത്യനുവേണ്ടിയുള്ളതായിരുന്നു, ഒട്ടും ഗൗരവമില്ലാതെ ലാഘവത്തോടെ എഴുതിയതായിരുന്നു അത്. മാത്രമല്ല, എന്താണോ എഴുതേണ്ടിയിരുന്നത് അത് മാത്രം ഇല്ലാത്ത ഒരു സന്ദേശവുമായിരുന്നു അത്. അതുകൊണ്ട് തന്നെ വലിയ തെറ്റിദ്ധാരണയ്ക്ക് അത് ഇടയാക്കി..

പീലാത്തൊസ് യേശുവിന്റെ ക്രൂശിനുമുകളിൽ കുറ്റപത്രമായി എഴുതിയ മേലെഴുത്തിൽ "നസറായനായ യേശു യെഹൂദന്മാരുടെ രാജാവ്" എന്നെഴുതിയുന്നു (യോഹ. 19:19). എന്നാൽ മഹാപുരോഹിന്മാർ അത് തിരുത്തി ഞാൻ യഹൂദന്മാരുടെ രാജാവ് എന്നു അവൻ പറഞ്ഞു എന്നാണ് എഴുതേണ്ടതെന്നു പറഞ്ഞുവെങ്കിലും "ഞാൻ എഴുതിയത് എഴുതി" എന്ന് പറഞ്ഞ് പീലാത്തൊസ് ആ നിർദ്ദേശം നിരാകരിച്ചു.

നമുക്കു ദൈവസന്നിധിയിൽ നിന്നും എഴുതിക്കിട്ടിയിരിക്കുന്ന എഴുത്താണ് തിരുവചനം. വളരെ കൃത്യവും വ്യക്തവുമായിട്ടാണ് അതെഴുതി നല്കിയിരിക്കുന്നത്. ജീവന്റെയും മരണത്തിന്റെയും

സന്ദേശങ്ങൾ അതിൽ ഉള്ളടങ്ങിയിട്ടുണ്ട്. അതുകൊണ്ടു തന്നെ ലാഘവത്തോടെ വായിച്ചുവിട്ടുകളയേണ്ട ഒരു സന്ദേശമല്ല തിരുവചനം. നാം എഴുതുകയും, എഴുതി കിട്ടിയത് കൃത്യമായി വായിച്ചു ഗ്രഹിക്കയും അതിൻപ്രകാരം ജീവിക്കയുമാണ് വേണ്ടത്. വളരെ സൂക്ഷ്മതയോടും ഗൗരവത്തോടുംകൂടെയാണ് നാം അത് വായിച്ചു ഗ്രഹിക്കേണ്ടത്. മനസ്സിലായില്ലെങ്കിൽ മനസ്സിലാകുന്നതുവരെ ശ്രദ്ധയോടെ വായിക്കുകയും കൃത്യമായിത്തന്നെ അനുസരിക്കയും വേണം. കാരണം, അത്രയേറെ ഗൗരവത്തോടെയാണ് സ്വർഗ്ഗത്തിൽ നിന്നു ഈ സന്ദേശം നമുക്കായി എത്തിച്ചു നല്കിയിരിക്കുന്നത്. ദാവീദ് യോവാബിനെഴുതിയ മരണസന്ദേശത്തെക്കാൾ സൂക്ഷ്മതയും ഗൗരവവും നല്കിയാണ് തിരുവചനമെന്ന സന്ദേശം നമുക്ക് നല്കിയിരിക്കുന്നത്. ഒപ്പം അത് വിശദീകരിച്ച് നല്കുവാൻ ദൈവം തന്റെ പരിശുദ്ധാത്മാവിനെയും നമുക്കു നല്കിയിരിക്കുന്നു.

അരാം രാജാവ് നയമാനുവേണ്ടി യിസ്രായേൽ രാജാവിന് അയച്ച സന്ദേശംപോലെ ആയിരിക്കരുത് നമ്മുടെ പ്രാർത്ഥനകൾ. കൃത്യവും വ്യക്തവും വ്യക്തിപരമായ ആവശ്യബോധത്തോടും കൂടിയതായിരിക്കണം നമ്മുടെ മധ്യസ്ഥപ്രാർത്ഥനകൾ. നാം ചോദിക്കുന്നത് എന്താണെന്ന് ദൈവത്തിന് അറിഞ്ഞുകൂടാത്തതുകൊണ്ടല്ല, ചോദിക്കുന്നവർക്ക് തങ്ങൾ എന്താണ് ചോദിക്കുന്നതെന്ന് വ്യക്തമായി അറിഞ്ഞിരിക്കണം എന്നതുകൊണ്ടാണ്. ദൈവസന്നിധിയിൽ നമ്മുടെ വ്യക്തിപരമായ ആവശ്യങ്ങൾ ഉണർത്തിക്കുന്നതുപോലെ തന്നെയായിരിക്കണം ഇടിവിൽ നില്ക്കുന്നതും. അബ്രഹാം ലോത്തിനും കുടുംബത്തിനുംവേണ്ടി ഇടിവിൽ നിന്നത് നല്ലൊരു ദൃഷ്ടാന്തമാണ്.

യിസ്രായേൽ രാജാവിന് എലീശാപ്രവാചകന്റെ ശുശ്രൂഷകളെക്കുറിച്ച് കൃത്യമായ ബോധ്യമുണ്ടായിരുന്നുവെങ്കിൽ അരാം രാജാവിന്റെ എഴുത്ത് അവനെ ആശങ്കാകുലനാക്കുകയില്ലായിരുന്നു. അരാം രാജാവ് വിവരങ്ങൾ കൃത്യമായി ചോദിച്ചറിഞ്ഞിട്ടായിരുന്നു അത് എഴുതിയിരുന്നതെങ്കിൽ ഇങ്ങനെ അത് അവ്യക്തമായിരിക്കയില്ലായിരുന്നു. നമ്മുടെ ആത്മീയ ചിട്ടകളും പരിചയങ്ങളും അതീവ സൂക്ഷ്മതയും ഗൗരവവും കൃത്യതയും ഉള്ളതായിരിക്കുവാൻ നമുക്കു ഉത്സാഹിക്കാം. ദൈവം കൃപ നല്കട്ടെ.

**ജെസ്സി ബെൻസെൻ, കൊച്ചി**

# ആയുസ്സിന്റെ വലുപ്പം

"നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു നിനക്കു ദീർഘായുസ്സുണ്ടാകുവാൻ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക" (പുറപ്പാട് 20:12). ദൈവത്തിന്റെ വചനത്തിൽ നല്കിയിരിക്കുന്ന പത്തു കല്പനകളിൽ നാല് കല്പനകൾ മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തെക്കുറിക്കുന്നു. ബാക്കി ആറു കല്പനകൾ മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാകുന്നു. ഈ കല്പനകളിൽ ഒരു കല്പനയിൽ മാത്രമേ വാഗ്ദത്തം അടങ്ങിയിട്ടുള്ളു. അത് നിന്റെ അപ്പനെയും, അമ്മയെയും ബഹുമാനിക്ക എന്നുള്ളതാണ്. ഈ വാഗ്ദത്തത്തോടുകൂടിയ കല്പനയെ നിറവേറ്റുമ്പോൾ ഭൂമിയിൽ നിങ്ങൾക്കു നന്മ ഉണ്ടാകും, ആയുസ്സ് വർദ്ധിക്കും. "നിനക്കു നന്മ ഉണ്ടാകുവാനും, നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക" (എഫെ. 6:2,3).

മാതാപിതാക്കളോടുള്ള ദയയുടെയും, ഭൗതിക സഹായത്തിന്റെയും ബഹുമാനത്തിന്റെയും അനുസരണത്തിന്റെയും എല്ലാ പ്രവൃത്തികളും ഈ കല്പനകളിൽ ഉൾക്കൊള്ളുന്നു. ദയയില്ലാത്ത വാക്കുകളെയും, മുറിവേല്പിക്കുന്ന വാക്കുകളെയും അത് വിലക്കുന്നു. അപ്പനെയോ അമ്മയെയോ അടിക്കുകയോ, ശപിക്കുകയോ ചെയ്യുന്ന ഏതൊരു വ്യക്തിക്കും വധശിക്ഷ നല്കണമെന്നു പുറപ്പാട് പുസ്തകം 21:15-17 വേദഭാഗത്ത് ദൈവം ആവശ്യപ്പെടുന്നു. മാതാപിതാക്കളെ ബഹുമാനിക്കുക എന്നതിനു ദൈവം എത്രമാത്രം പ്രാധാന്യം നല്കിയിരിക്കുന്നു എന്ന് ഇത് വ്യക്തമാക്കുന്നു. ഈ കല്പനയുമായി ബന്ധപ്പെട്ട മാതാപിതാക്കൾ മക്കളെ സ്നേഹിക്കണം എന്നും യഹോവ ഭക്തിയിലും, ദൈവത്തിന്റെ വഴികളിലും അവരെ അഭ്യസിപ്പിക്കണമെന്നും ദൈവം ആവശ്യപ്പെടുന്നു (ആവ. 4:9; 6:6,7; എഫെ.6:4).

കുടുംബത്തിലെ അച്ചടക്കം ശക്തമായ സാമൂഹിക ഘടനയുടെ അടിസ്ഥാനമായി മാറുന്നു. (ആവ. 21:18-21). ഈ വിഷയവുമായി ബന്ധപ്പെട്ട് തിരുവചനത്തിലെ ചില വ്യക്തികളെ പരിശോധിക്കാം.

1. "എലീശാ അതു കണ്ടിട്ട്: എന്റെ പിതാവേ, എന്റെ പിതാവേ, യിസ്രായേലിന്റെ തേരും തേരാളികളും എന്നു നിലവിളിച്ചു" (2 രാജാ.2:12). ഈ ലോകത്തിൽ ജീവിക്കുമ്പോൾ നമുക്ക് രണ്ട് തരത്തിലുള്ള അപ്പന്മാരെ അഭിമുഖീകരിക്കാനാകും. പ്രത്യേകിച്ച് ഒരു ആത്മീയ പൈതലിന് ലോകപ്രകാരമുള്ള അപ്പനും, ആത്മീയപ്രകാരമുള്ള അപ്പനും. നമ്മുടെ ആത്മീയജീവിതത്തിന്റെ വഴികാട്ടികളായ ദൈവദാസന്മാരും അപ്പനെപ്പോലെ സ്നേഹപൂർവ്വം ആലോചനകൾ

നല്കി നമുക്കുവേണ്ടി ഭാരത്തോടെ പ്രാർത്ഥിക്കുന്നു. എലീശയുടെ ജീവിതത്തിലും അവന്റെ ആത്മീയ പിതാവായി ഏലിയാവ് ഉണ്ടായിരുന്നു. ഏലിയാവ് എടുക്കപ്പെട്ടപ്പോൾ എലീശ അവനെ നോക്കി നിലവിളിക്കുന്നു.

2. അപ്പൊസ്തലനായ പൗലൊസ് തിമൊഥെയൊസിനു എഴുതുമ്പോഴെല്ലാം "വിശ്വാസത്തിൽ നിജപുത്രനായ തിമൊഥെയൊസിനു എഴുതുന്നത്" എന്ന് എഴുതി (1 തിമൊ.1:2) മാത്രമല്ല തിമൊഥെയൊസിനെക്കുറിച്ച് ഇങ്ങനെ സാക്ഷിയും പറഞ്ഞു. "അവനോ മകൻ അപ്പനു ചെയ്യുന്നതുപോലെ എന്നോടുകൂടെ സുവിശേഷഘോഷണത്തിൽ സേവചെയ്തു എന്നുള്ള അവന്റെ സിദ്ധത നിങ്ങൾ അറിയുന്നുവല്ലോ" (ഫിലി. 2:22). തിമൊഥെയൊസിനു ഉപദേശത്തിൽ വഴികാട്ടിയായും, ഉത്തമ ആത്മീയ പിതാവായും പൗലൊസ് അപ്പൊസ്തലൻ വിളങ്ങി. നമ്മുടെ ജീവിതത്തിലും ലോകപ്രകാരുള്ള പിതാവായിരുന്നാലും, ആത്മീയ പിതാവായിരുന്നാലും അവരെ ബഹുമാനിക്കുക. അവരുടെ വാക്കനുസരിച്ച് നടക്കുക. മാത്രമല്ല സ്വർഗ്ഗസ്ഥപിതാവ് നമ്മുടെ അപ്പനാകുന്നു. "മകനേ കേട്ടു എന്റെ വചനങ്ങളെ കൈക്കൊൾക; എന്നാൽ നിനക്കു ദീർഘായുസ്സുണ്ടാകും" (സദൃ. 4:10). നമ്മുടെ കർത്താവിന്റെ വചനം വിശ്വസിച്ച് നടക്കുന്നവർക്കു നിത്യജീവൻ ഉണ്ടാകും.

3. **മക്കളെ അനുസരിപ്പിൻ :** സാധാരണനിലയിൽ വിശ്വാസികളുടെ മക്കൾ വിവാഹിതരായി മറ്റൊരു കുടുംബത്തിലെ അംഗങ്ങൾ ആകുന്നതുവരെ മാതാപിതാക്കളുടെ സംരക്ഷണത്തിലായിരിക്കും. അതുകൊണ്ട് നാം നമ്മുടെ തലമുറയ്ക്ക് ആവശ്യമായ അവബോധം നല്കിയിരിക്കണം.

a. മാതാപിതാക്കളെ അനുസരിക്കുന്നതിനും, ബഹുമാനിക്കുന്നതിനും പൈതങ്ങളെ പഠിപ്പിക്കണം. കർത്താവിൽ അച്ചടക്കത്തിലും ഉപദേശത്തിലും അവരെ വളർത്തണം. (സദൃ.13:24, 22:6).

b. മുതിർന്ന മക്കൾ വിവാഹിതരായശേഷവും, തങ്ങളുടെ മാതാപിതാക്കളുടെ ആലോചനയെ ആദരിക്കേണ്ടതാണ്. (സദൃ.6:21) വാർദ്ധക്യത്തിൽ അവരെ കരുതുകയും, സഹായിക്കുകയും ചെയ്യണം (മത്തായി 15:4-6). മാതാപിതാക്കളെ ബഹുമാനിക്കുന്ന കുഞ്ഞുങ്ങൾ ഈ ലോകത്തിലും നിത്യതയിലും അനുഗ്രഹിക്കപ്പെടും.

ഇപ്രകാരം ഓരോ കുടുംബവും സന്തോഷത്തോടെ ദൈവത്തിന്റെ കല്പനകളെ അനുസരിച്ച് ദൈവഭയത്തിലും ദൈവസ്നേഹത്തിലും ജീവിക്കുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ ഓരോരുത്തരേയും സഹായിക്കുമാറാകട്ടെ. ആമേൻ.

**ജെസ്സി സന്തോഷ്, ഭീമനടി**

# മറിയ ആരാധന വചനാനുസൃതമോ?

യേശുവിന്റെ ജനനത്തിങ്കൽ വിദ്വാന്മാർ അവന്റെ നക്ഷത്രം കണ്ട് അവനെ ആരാധിക്കുവാൻ പുറപ്പെട്ട ചരിത്രം മത്തായി രണ്ടാം അദ്ധ്യായം പത്തും, പതിനൊന്നും വാക്യങ്ങളിൽ നാം വായിക്കുന്നു. നക്ഷത്രം കണ്ടതുകൊണ്ട് അവർ അത്യന്തം സന്തോഷിച്ചു. ആ വീട്ടിൽ ചെന്നു ശിശുവിനെ അവന്റെ അമ്മയായ മറിയയോടുകൂടെ കണ്ടു. വീണു അവനെ നമസ്കരിച്ചു. നിക്ഷേപപാത്രങ്ങളെ തുറന്നു, അവന്നു പൊന്നും, മൂരും, കുന്തുരുക്കവും കാഴ്ച വെച്ചു. ഈ വാക്യങ്ങളിൽ നിന്നും നമുക്കു മനസ്സിലാക്കുവാൻ കഴിയുന്ന സത്യം അവനെ നമസ്കരിച്ചു എന്നാണ്. അല്ലാതെ അവർ മറിയയെ നമസ്കരിച്ചില്ല. ഇതിനാൽ മറിയ ആരാധനയ്ക്ക് യോഗ്യയല്ലയെന്നു തെളിയുന്നു.

മറിയ മനുഷ്യസ്ത്രീ ആയതുകൊണ്ടുള്ള തെളിവുകളിൽ ഒന്ന് ലൂക്കൊസ് 1:29, 30 വായിച്ചാൽ മറിയ ഭയപ്പെട്ടു. മത്തായി 1:18–21 വരെ വായിച്ചാൽ അവിടെ അവൾക്ക് സംശയം ഉണ്ടാകുന്നു. ലൂക്കൊസ് 1:46,47 വായിച്ചാൽ മറിയ മനുഷ്യസ്ത്രീ എന്നു തെളിയുന്നു.

മറിയ നിത്യകന്യകയല്ല. യേശുവിനെ പരിശുദ്ധാത്മാവിനാൽ ആണ് ഗർഭം ധരിച്ചത്. യോസേഫിനു വിവാഹം നിശ്ചയം ചെയ്തിരുന്ന സമയത്താണ് മറിയ പരിശുദ്ധാത്മാവിനാൽ ഗർഭം ധരിച്ച് യേശുവിനെ പ്രസവിച്ചത്. യേശുവിന് ജന്മം കൊടുത്തുവെന്ന കാരണത്താൽ മറിയ ഭാഗ്യവതിയാണ്. ആദ്യജാതനെ പ്രസവിക്കുന്നതുവരെ അവൾ കന്യകയായിരുന്നുവെന്ന് ദൈവവചനം രേഖപ്പെടുത്തിയിരിക്കുന്നു. അവൾ ആദ്യജാതനായ മകനെ പ്രസവിച്ചു (ലൂക്കൊസ് 2:7). ഇതിൽനിന്നും മനസ്സിലാകുന്നത് മറിയയ്ക്ക് വേറെ മക്കൾ ഉണ്ടായി എന്നതിന്റെ തെളിവാണ്. അതുകഴിഞ്ഞ് യോസേഫ് മറിയയെ പരിഗ്രഹിച്ച് അവരുടെ ദാമ്പത്യജീവിതത്തിൽ പിന്നീട് മക്കളുണ്ടായി എന്നും അവരുടെ പേരുകൾ യാക്കോബ്, യോസെ, ശീമോൻ, യൂദാ എന്നിവരും സഹോദരിമാരും ഉണ്ടായിരുന്നു. അവരുടെ പേര് പറയുന്നില്ല. യാക്കോബും, യൂദായും ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. അവർ മറിയ പ്രസവിച്ച മക്കളും യേശുവിന്റെ സഹോദരന്മാരും ആണ്. ഇതിൽ നിന്നും നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നത് മറിയ നിത്യകന്യകയല്ല വീണ്ടും പ്രസവിച്ചു എന്നുമാണ്.

മറിയയ്ക്കു ദൈവത്വം ഇല്ല എന്ന് ലൂക്കൊസ് 2:22,24 വായിച്ചാൽ മനസ്സിലാക്കാം. മോശെയുടെ ന്യായപ്രമാണപ്രകാരം അവളുടെ

ശുദ്ധീകരണകാലം തികഞ്ഞപ്പോൾ കടിഞ്ഞൂലായ ആണൊക്കെയും കർത്താവിന്നു വിശുദ്ധം ആയിരിക്കണം എന്ന് കർത്താവിന്റെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നതുപോലെ അവനെ കർത്താവിന്ന് അർപ്പിക്കാനും ഒരു ഇണ കുറുപ്രാവിനെയോ രണ്ടു പ്രാവിൻകുഞ്ഞിനെയോ കർത്താവിന്റെ ന്യായപ്രമാണത്തിൽ കല്പിച്ചതുപോലെ യാഗം കഴിപ്പാനും അവർ അവനെ യെരുശലേമി ലേക്കുകൊണ്ടുപോയി എന്നു വായിക്കുന്നു. അതുകൊണ്ട് മറിയയ്ക്ക് അശുദ്ധി ഉണ്ടായിരുന്നതുകൊണ്ടാണ് മോശെയുടെ ന്യായപ്രമാണ പ്രകാരം ശുദ്ധീകരണം വേണ്ടി വന്നത്. എന്നാൽ മറിയ വിശുദ്ധജീവിതം നയിച്ച വ്യക്തിയായിരുന്നു. എന്നാൽ സ്ത്രീകൾക്കുള്ളതുപോലെയുള്ള അശുദ്ധി അവൾക്കും ഉണ്ടായിരുന്നു. ശുദ്ധീകരണകാലം തികഞ്ഞ പ്പോൾ ആണ് ദൈവാലയത്തിലേക്കു പോയത്. ഇപ്രകാരം അശുദ്ധി യുള്ള ഒരു സ്ത്രീ ആരാധനയ്ക്കു യോഗ്യയാകുന്നത് എങ്ങനെ? അശുദ്ധിയുള്ള ഒരു വ്യക്തിക്ക് പരിശുദ്ധ എന്നു പേർ കൊടുക്കുവാൻ സാധിക്കുകയില്ല. ആദാമ്യകുലത്തിൽപ്പെട്ട എല്ലാസ്ത്രീകളിലും പാപസ്വഭാവം ഉണ്ട്. മറിയയിലും പാപം ഉണ്ടായിരുന്നു. ആദാമ്യ സ്വഭാവം ഇല്ലാത്ത ഏകവ്യക്തി ക്രിസ്തു മാത്രമാണ്. അതുകൊണ്ട് യേശുകർത്താവ് ആരാധനയ്ക്കു യോഗ്യൻ എന്നു വരുന്നു. മറിയയ്ക്കോ ആരാധിക്കപ്പെടത്തക്ക യോഗ്യതയില്ലെന്നു തെളിയുന്നു.

**മറിയ മദ്ധ്യസ്ഥയല്ല.**

ദൈവം ഒരുവനല്ലോ; ദൈവത്തിന്നും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ: എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നേ (1 തിമൊഥെ 2:5,6). കർത്താവി നോടു യാചിക്കേണ്ടതിന് ഏതെങ്കിലും മദ്ധ്യസ്ഥന്റെയോ മദ്ധ്യസ്ഥ യുടെയോ ആവശ്യമില്ല. കാരണം അവൻ മനുഷ്യപുത്രനാണ്. മനുഷ്യർ ക്കു നേരിട്ട് അവനോടു അഭയയാചന കഴിക്കാം. യേശു തന്റെ ദേഹം എന്ന തിരശ്ശീല രണ്ടായി ചീന്തി ഒരു പുതുവഴി തുറന്നു (എബ്രായർ 10:19,20). പുത്രനിൽകൂടി പിതാവിന്റെ സന്നിധിയിലേക്കു പ്രവേശിക്കുവാൻ അധികാരം ലഭിച്ചു. അവൻ മനുഷ്യപുത്രനും ദൈവ പുത്രനുമാണ്. കർത്താവിന്റെ നാമത്തിൽ എന്ത് അപേക്ഷിച്ചാലും പിതാവ് ആവശ്യം നല്കി തരും. പിന്നെയെങ്ങനെയാണ് മറിയ മദ്ധ്യസ്ഥയാകുന്നത്. കത്തോലിക്കാ വിശ്വാസികൾ പറയുന്നത് നമ്മുടെ വീട്ടിലെ കുറവുകളും, പോരായ്മകളും മറിയ വന്നു പരിശോധിച്ചു കിട്ടുന്ന വിവരങ്ങൾ മകനായ യേശുവിനോടു പറയുകയും ചെയ്യുന്നു എന്നാണ്. കാനാവിലെ കല്യാണത്തിന് വീഞ്ഞു ഇല്ലാതെ വന്നപ്പോൾ ആദ്യം വിവരം യേശുവിനോടു പറയുന്നത് മറിയയാണല്ലോ എന്ന്

അവർ പറയുന്നത്. എന്നാൽ അവരുടെ വിശ്വാസം വെറും തെറ്റിദ്ധാരണയാണ്. അമ്മ പറഞ്ഞാൽ മാത്രമേ മകൻ കേൾക്കുകയുള്ളൂ എന്നാണ് വിശ്വസിക്കുന്നത്.

പുത്രൻവഴിയല്ലാതെ ആർക്കും പിതാവിന്റെ അടുക്കൽ എത്തുവാൻ കഴിയാത്തതുപോലെ, മറിയ വഴിയല്ലാതെ ആർക്കും പുത്രന്റെ സാമീപ്യം സാദ്ധ്യമല്ല എന്നാണ് കത്തോലിക്കാ ഉപദേശം. ഇത് പാപവും, വചനവിരുദ്ധവുമാണ്. യേശു പറയുന്നതുപോലെ ചെയ്യാനാണ് മറിയ പറഞ്ഞത്. മറിയ ഒരിക്കലും ആരാധന അർഹിക്കുന്നില്ല. അതിന് ആഗ്രഹിക്കുന്നുമില്ല. വീഞ്ഞ് തീർന്നുപോയി എന്ന കാര്യം യേശുവിനെ അറിയിച്ചതല്ലാതെ വെള്ളം വീഞ്ഞ് ആക്കാൻ മറിയ പറഞ്ഞില്ല. ബാല്യക്കാരോട് അവൻ കല്പിക്കുന്നത് ചെയ്യുവിൻ എന്നു മാത്രമേ പറഞ്ഞുള്ളൂ. വെള്ളം വീഞ്ഞാക്കിയയിടത്ത് മറിയ മദ്ധ്യസ്ഥയല്ല യോഹ. 2:1-6). ഉദാഹരണമായി പള്ളിപ്രമാണിയായ യായിറോസിന്റെ മകൾ മരിച്ചപ്പോൾ യായിറോസിന്റെ അഭ്യർത്ഥന കേട്ടാണല്ലോ കർത്താവ് അവളെ ഉയിർപ്പിച്ചത്. അതുകൊണ്ട് യായിറോസ് കർത്താവിനും മനുഷ്യർക്കും മദ്ധ്യസ്ഥൻ എന്നു വരികയില്ലേ? കർത്താവായ യേശുക്രിസ്തുവിൽ കൂടിയല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുകയില്ല. നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നത് ഒക്കെയും പിതാവ് പുത്രനിൽ മഹത്ത്വപ്പെടേണ്ടതിന്നു ഞാൻ ചെയ്തു തരും എന്നാണ്. യോഹ 14:13

**മറിയ ആരാധനായോഗ്യയാണെന്ന് യേശു പറഞ്ഞിട്ടില്ല.**
**അപ്പൊ. പ്രവൃ. 1:14**

പിന്നെ മറിയയും കർത്താവിന്റെ ശിഷ്യന്മാരോടുകൂടി ശീമോന്റെ മാളികയിൽ പ്രാർത്ഥിക്കാൻ പോയതായി നാം വായിക്കുന്നു. മറിയ ആരാധനായോഗ്യയായിരുന്നുവെങ്കിൽ പ്രാർത്ഥിക്കാൻ, പോകേണ്ട കാര്യം ഉണ്ടോ? ആരാധനയ്ക്കു യോഗ്യൻ യേശുകർത്താവ് അല്ലാതെ വേറെ ഒരുവൻ ഇല്ല. സകല സ്തുതിയും, മഹത്ത്വവും, ബഹുമാനവും, ശക്തിയും ബലവും യേശുക്രിസ്തുവിനുള്ളത്.

**മറിയ അർഹിക്കുന്നത് ബഹുമാനം മാത്രമാണ്.**

ബഹുമാനവും, സ്നേഹവും അർഹിക്കുന്ന ഒരു മഹിളയത്രെ മറിയ. ആ യെഹൂദവനിത ദൈവദൂതന്റെ വാക്ക് ദൈവവചനം എന്ന നിലയിൽ വിശ്വസിച്ചു, അനുസരിച്ചു. ദൈവദൂതന്റെ വാക്കു കേട്ട് മറിയ "ഇതാ! ഞാൻ കർത്താവിന്റെ ദാസി നിന്റെ വാക്കു പോലെ എനിക്കു ഭവിക്കട്ടെ" എന്നു പറഞ്ഞു. യേശുവും തന്റെ മാതാവിനെ സ്നേഹിച്ചിരുന്നു. അതുകൊണ്ട് കാൽവരി ക്രൂശിൽ വേദന അനുഭവിക്കു

മ്പോഴും തന്റെ അമ്മയെ ഓർത്തു. യേശു തന്റെ അമ്മയെ താൻ സ്നേഹിച്ചിരുന്ന ശിഷ്യനായ യോഹന്നാനെ ഏല്പിക്കുന്നു. ആ നാഴിക മുതൽ ആ ശിഷ്യൻ മറിയയെ കൈക്കൊണ്ടു (യോഹന്നാൻ 19:25-27). കുരിശിൽ വേദന അനുഭവിക്കുമ്പോഴും തന്റെ അമ്മയോടുള്ള കടമ നിർവ്വഹിച്ചു. മറിയയെ സംരക്ഷിക്കുന്നതിനു യോഹന്നാനെ ഏല്പിച്ചു. യോഹന്നാൻ മറിയയുടെ സഹോദരീപുത്രനായിരുന്നു.

ലിയോ 14-ാമൻ മാർപാപ്പയുടെ പ്രസ്താവന മാതൃഭൂമി പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്നത് വായിക്കുവാൻ ഇടയായി, കന്യകമറിയ ആരാധനയ്ക്ക് യോഗ്യയല്ലെന്നും യേശുവിന്റെ അമ്മ മാത്രമായിരുന്നു. ഇനിയും മറിയ സാധാരണ ഒരു സ്ത്രീയേപ്പോലെ മാത്രമേയുള്ളൂ ആരാധിക്കേണ്ട, വണങ്ങേണ്ട. അവരുടെ നാമത്തിൽ കൊന്ത ഉരുട്ടേണ്ട എന്നും. അവൾ മദ്ധ്യസ്ഥ അല്ല. ഇതിൽ കൂടുതൽ തെളിവുകൾ ആവശ്യമില്ലല്ലോ?

**മോളിക്കുട്ടി ചാക്കോ, കണ്ണൂർ**

## Quest 8-ന്റെ ശരി ഉത്തരങ്ങൾ അയച്ചവർ

1. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ
2. സൂസമ്മ എബ്രഹാം, കോത്തല
3. ലൈല കെ. വിക്ടർ, പേരൂർക്കട
4. ഡെയ്സി ബിജോയ് ജോൺസ്, ഇടപ്പള്ളി
5. ലീല കെ.വി., പുളിക്കൽ കവല
6. സി. എം. മാമ്മൻ, കേന്ദ്രീയ വിഹാർ, മുംബൈ
7. ജോളി ഷാജി, കരുവാറ്റ, അടൂർ
8. കുഞ്ഞുമോൾ ഈപ്പച്ചൻ, ഉള്ളൂർ
9. ബീനാ സുരേഷ്, കരകുളം
10. സ്മിത ഷിബു, വെങ്ങാന്നൂർ
11. സുജ സുനിൽ, ആറാം കല്ല്
12. സജനി ഔസേഫ്, പോങ്ങുംമൂട്
13. വിദ്യാ ബാബു, പാറോട്ടുകോണം
14. ലൈസ സാമുവേൽ, മുംബൈ
15. വിനിത ബി. പോത്തൻകോട്, തിരുവനന്തപുരം
16. സുമ റെജി, തൃക്കണ്ണമംഗൽ
17. ആനി ജോൺസൻ, ചെമ്മന്തൂർ
18. രശ്മി സിജു, കുറ്റിയാണി
19. ലീലാ എബ്രഹാം, യു.എസ്.എ.
20. മേഴ്സി ജേക്കബ്, ഓമല്ലൂർ
21. ജെസ്സി മോൻസൺ, കരിയംപ്ലാവ്
22. മോളിക്കുട്ടി ചാക്കോ, കണ്ണൂർ
23. സൂസൻ തോമസ്സ്, പട്ടം
24. മോളി ഫ്രാൻസിസ്സ് ലൂർദ്പുരം, തൃശ്ശൂർ
25. അന്നമ്മ എബ്രഹാം, പെരുമന്നൂർ
26. ലിസി ജേക്കബ്, മല്ലപ്പള്ളി
27. മിനി പ്രകാശ്, പരശുവയ്ക്കൽ

**ക്വെസ്റ്റ് 8-ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി.**
**വിജയികൾക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ**
**ക്വിസ് മാസ്റ്റർ**

# ദൈവമക്കൾ ക്രിസ്തുവിനെയാണ് ധരിക്കേണ്ടത്

ദൈവമക്കളുടെ ആഭരണധാരണത്തേക്കുറിച്ചുള്ള പരാമർശങ്ങളും, വിമർശനങ്ങളും, ഗൗരവമേറിയ പഠിപ്പിക്കലുകളും, പ്രസംഗങ്ങളും നടക്കുന്ന കാലയളവിൽ ആന്റി ഈ വിഷയത്തേക്കുറിച്ച് ഒരു ലേഖനം എഴുതണമെന്ന് പല സഹോദരീസഹോദരന്മാർ ആവശ്യപ്പെട്ടതനുസരിച്ച് അല്പം മടിയോടെയാണെങ്കിലും പ്രാർത്ഥിച്ചു കാത്തിരുന്ന് തിരുവചനം പരിശോധിച്ചു പഠിച്ചതിന്റെ വെളിച്ചത്തിലാണീ ലേഖനം എഴുതുന്നതെന്ന് ഓർമ്മിപ്പിച്ചുകൊള്ളുന്നു.

പൗലൊസ് അപ്പൊസ്തലന്റെ സാക്ഷ്യം "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു" (ഗലാ.2:20). അതോടൊപ്പം യേശു അരുളിചെയ്ത ഒരു വാക്യം ഒത്തുനോക്കാം "യേശു അവനോടു എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും. എന്റെ പിതാവ് അവനെ സ്നേഹിക്കും. ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോടുകുടെ വാസം ചെയ്യും". ഇതിന്റെ അർത്ഥം രക്ഷിക്കപ്പെട്ട ദൈവമക്കളുടെ ശരീരം ത്രിയേക ദൈവത്തിന്റെ മന്ദിരമാകുന്നു എന്നാണല്ലോ. "നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ?. ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും; ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ: നിങ്ങളും അങ്ങനെ തന്നെ" (1 കൊരി. 3:16,17). ഈ വചനത്തിന്റെ വെളിച്ചത്തിൽ ദൈവമക്കൾ എന്തു ധരിക്കണം എന്നു നോക്കാം.

"ഇപ്പോഴോ നിങ്ങളും കോപം, ക്രോധം, ഈർഷ്യ, വായിൽ നിന്നു വരുന്ന ദൂഷണം, ദുർഭാഷണം ഇവ ഒക്കെയും വിട്ടുകളവിൻ. അന്യോന്യം ഭോഷ്കു പറയരുത്; നിങ്ങൾ പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടുകൂടെ ഉരിഞ്ഞുകളഞ്ഞു തന്നെ സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നവല്ലോ" (കൊലൊ. 3:8-10). അതുകൊണ്ട് ദൈവത്തിന്റെ വൃതന്മാരും, വിശുദ്ധന്മാരും, പ്രിയരുമായി മനസ്സലിവ്, ദയ, താഴ്മ, സൗമ്യത, ദീർഘക്ഷമ എന്നിവ ധരിച്ചുകൊണ്ട് അന്യോന്യം പൊറുക്കയും, ഒരുവനോട് ഒരുവന്നു വഴക്കുണ്ടായാൽ തമ്മിൽ ക്ഷമിക്കയും ചെയ്വിൻ; കർത്താവു നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും ചെയ്വിൻ. എല്ലാറ്റിനും മീതെ സമ്പൂർണ്ണതയുടെ ബന്ധമായ സ്നേഹം ധരിപ്പിൻ. ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ വാഴട്ടെ. അതിന്നല്ലോ നിങ്ങൾ ഏകശരീരമായി വിളിക്ക

പ്പെട്ടുമിരിക്കുന്നത്. ഈ വേദഭാഗങ്ങളുടെ അടിസ്ഥാനത്തിൽ ദൈവമക്കളെ മറ്റുള്ളവരിൽ നിന്നും വേറുതിരിച്ചു കാണേണ്ടതും കാണിക്കേണ്ടതും അവരുടെ ക്രിസ്തുവിനോടനുരൂപപ്പെട്ടുള്ള സ്വഭാവജീവിതമാകുന്നു.

അന്ത്യോക്യയിൽ വച്ച് ദൈവമക്കളെ 'ക്രിസ്ത്യാനികൾ' എന്നു വിളിച്ചത് അവർ ക്രിസ്തുവിനെപ്പോലെ നടക്കുന്നതു കണ്ടതുകൊണ്ടാകുന്നു. ക്രിസ്തുവിലായി, ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ട് ക്രിസ്തു കാണിച്ചുതന്നതും ഉപദേശിച്ചു പഠിപ്പിച്ചുതന്നതും അനുസരിച്ചു ജീവിക്കുന്ന ജീവിതമാകുന്നു യഥാർത്ഥ വേർപാടുജീവിതം.

ഒന്നാം നൂറ്റാണ്ടിലെ ക്രിസ്തു വിശ്വാസികൾ ജീവിച്ച മാതൃക ശ്രദ്ധിക്കുക. വിശ്വസിച്ചവരുടെ കൂട്ടം ഏകഹൃദയവും, ഏകമനസ്സും ഉള്ളവരായിരുന്നു. തനിക്കുള്ളതൊന്നും സ്വന്തം എന്ന് ആരും പറഞ്ഞില്ല. സകലവും അവർക്കു പൊതുവായിരുന്നു. മുട്ടുള്ളവരാരും അവരിൽ ഉണ്ടായിരുന്നില്ല. ഇന്നത്തെ വിശ്വാസികളിൽ ഇതനുസരിച്ച് ജീവിക്കുന്നവർ എത്ര കാണും? നമ്മുടെ പൂർവ്വപിതാക്കന്മാർ (കേരളത്തിൽ) ഉപേക്ഷിച്ചത് ആഭരണം മാത്രമായിരുന്നില്ല. ആരും അവരെ നിർബ്ബന്ധിച്ചിട്ടും, പഠിപ്പിച്ചിട്ടും ആയിരുന്നില്ല. അവർ തങ്ങളുടെ വസ്തുവകകൊണ്ടും, ധനംകൊണ്ടും സഹവിശ്വാസികളെ സഹായിച്ചിരുന്നു. ഈ എളിയവളുടെ മാതാപിതാക്കളും വല്യപ്പച്ചനും, വല്യമ്മച്ചിയും അതിനു തക്ക മാതൃകകളായ ആദ്യവിശ്വാസികളായിരുന്നു. അവർ തിരുവചനപ്രകാരം മാതൃക കാണിച്ചു പഠിപ്പിച്ചത്, കണ്ടും കേട്ടും അനുസരിച്ചും വളർന്നവരായിരുന്നു ഞങ്ങൾ ഒൻപതു മക്കളടങ്ങിയ കുടുംബം എന്ന് ധൈര്യത്തോടെ പറയാൻ സാധിക്കും. പക്ഷെ പിൻതലമുറക്കാർ വന്നപ്പോൾ അതിനൊക്കെ മാറ്റം വന്നു എങ്കിലും അവരെല്ലാവരും തിരുവചനം പ്രമാണിച്ച് ദൈവമക്കളായി ജീവിക്കുന്നു എന്ന് സന്തോഷത്തോടെ പറയാൻ സാധിക്കും. പരിഷ്ക്കാരങ്ങളും, സംസ്കാരങ്ങളും, വിദ്യാഭ്യാസവും മറ്റും പുരോഗമിച്ചതോടെ ജീവിതരീതികൾക്കും വ്യത്യാസം വന്നു. അതിനുള്ള കാരണങ്ങളും അവർ തന്നെ പറയും. അതുകൊണ്ട് അതൊക്കെ തെറ്റാണെന്നോ വചനവിരുദ്ധമാണെന്നോ പറയാനോ വിമർശിക്കാനോ ഒരുങ്ങുന്നില്ല. ഇന്നത്തെ തലമുറ അവരുടെ മുൻ തലമുറക്കാരെ നോക്കി അവർ കേവലം 'കപടഭക്തി'ക്കാരാണെന്നു പറയത്തക്കജീവിതമല്ലേ ഇന്നു നമ്മുടെയൊക്കെ ഭവനങ്ങളിലും സഭകളിലും കാണുന്നത്? ക്രിസ്തു പരീശന്മാരെ നോക്കി നിങ്ങളുടെ സമ്പ്രദായംകൊണ്ട് ദൈവകല്പന ലംഘിക്കാതിരിപ്പാൻ ശ്രദ്ധിക്കുക. പുറത്തു നിന്ന് മനുഷ്യന്റെ അകത്തു ചെല്ലുന്ന യാതൊന്നിനും അവനെ അശുദ്ധമാക്കാൻ കഴിയുന്നതല്ല. മനുഷ്യനിൽ നിന്നു പുറപ്പെടുന്നതത്രെ മനുഷ്യനെ അശുദ്ധനാക്കുന്നത്.

മനുഷ്യരുടെ ഹൃദയത്തിൽനിന്നു തന്നേ ദുശ്ചിന്ത, വ്യഭിചാരം, പരസംഗം, കൊലപാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ടത, ചതി, ദുഷ്ക്കാമം, വിടക്കുകണ്ണ്, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നത്. ഈ വിഷയങ്ങളേക്കുറിച്ചുള്ള പഠിപ്പിക്കലാണ് ഇന്നത്തെ തലമുറയ്ക്കാവശ്യമായിരിക്കുന്നത്.

ആഭരണവർജ്ജനത്തേക്കുറിച്ച് പുതിയനിയമത്തിലെങ്ങും കാണുന്നില്ല. പഴയനിയമത്തിൽ യിസ്രായേൽ മക്കളോടുള്ള ബന്ധത്തിൽ അവർ മിസ്രയീം വിട്ടുപോയപ്പോൾ മിസ്രയീമ്യവിഗ്രഹങ്ങളേയും, വിഗ്രഹങ്ങൾ കൊത്തിയ ആഭരണങ്ങളും, പൊന്നും, വെള്ളിയുംകൊണ്ടുള്ള ആഭരണങ്ങളും, വസ്ത്രങ്ങളും മറ്റും കൊള്ളയടിച്ചും കൊണ്ടായിരുന്നു പുറപ്പെട്ടുപോന്നത്. അതും മോശെയുടെ വചനമനുസരിച്ചായിരുന്നു അങ്ങനെ ചെയ്തത്. പക്ഷെ അതു അവരുടെ മരുഭൂമിയാത്രയിൽ വിഗ്രഹാരാധനയായിത്തീരുകയും ദൈവത്തെ കോപിപ്പിക്കത്തക്ക പാപമായി അനേകരുടെ നാശത്തിനും മരണത്തിനും കാരണമായി തീരുകയും ചെയ്തു, യിസ്രായേൽ മക്കൾ പൊതുവേ ദൈവകല്പനകൾ ലംഘിക്കുന്നവരും, ദൈവത്തെ കോപിപ്പിക്കുന്നവരും ദൈവകോപത്തിനു പാത്രീഭൂതരാകയും ചെയ്കമൂലം ദൈവം അവരെ ലോകമാകമാനം ചിന്നിച്ചിതറിക്കുമാറാക്കി. മോശെ പർവ്വതത്തിൽ ദൈവത്തോടുകൂടെ ആയിരുന്നപ്പോൾ ജനം പിറുപിറുത്ത് ഞങ്ങളുടെ മുമ്പിൽ നടക്കേണ്ടതിനു ഒരു ദൈവത്തെ ഉണ്ടാക്കിത്തരിക എന്നു പറഞ്ഞതനുസരിച്ച് ഭാര്യമാരുടെയും പുരുഷന്മാരുടെയും പുത്രീപുത്രന്മാരുടെയും കാതിലെ പൊൻ കുണുക്കുപറിച്ച് ഒരു പൊൻകാളക്കുട്ടിയെ ഉണ്ടാക്കി ദൈവത്തെ കോപിപ്പിച്ചത് ഓർക്കുക. അതുപോലെതന്നെ മരുഭൂമിയിൽ പാമ്പുകടിയേറ്റു ജനം മരിച്ചപ്പോൾ ദൈവകല്പനപ്രകാരം മോശെ ഒരു പിച്ചളസർപ്പത്തെ ഉണ്ടാക്കിയതു പില്ക്കാലത്ത് 'നെഹുഷ്ഠാൻ' എന്ന പേരിൽ യിസ്രായേൽ മക്കൾ അതിന്നു ധൂപംകാട്ടി ദൈവത്തെ കോപിപ്പിച്ചു.

പ്രിയമുള്ളവരേ, നമ്മുടെ ജീവിതത്തിൽ ദൈവം നമുക്കു നല്കുന്ന ഭൗതികാനുഗ്രഹങ്ങൾ, ദൈവത്തെ കോപിപ്പിക്കുന്ന വിഗ്രഹാരാധനയാക്കി മാറ്റിക്കൂടാ. അവരേപ്പോലെ നിങ്ങൾ വിഗ്രഹാരാധികൾ ആകരുത്. ദൈവത്തെ പരീക്ഷിക്കരുത്. ആഭരണം മാത്രമല്ല, വലിയ വലിയ വീടുകൾ, കാറുകൾ, വിലയേറിയ വസ്ത്രങ്ങൾ, വസ്തുവകകൾ, ധനം സമ്പത്ത് ഇവയെല്ലാം വിഗ്രഹാരാധനയാക്കിയല്ലെ ഇന്നു പല വിശ്വാസികളും ജീവിക്കുന്നത്? നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും, പൊന്നണിയുന്നതും, വിശേഷവസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമേയുള്ളതല്ല സൗമ്യതയും, സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിലെ ഗൂഢമനുഷ്യൻ തന്നേ

ആയിരിക്കേണം. അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു!

പ്രിയമുള്ളവരേ, നാം രക്ഷിക്കപ്പെട്ടത് ആരുടെയും നിർബ്ബന്ധത്താലല്ലാതെ കൃപയാൽ വിശ്വാസംമൂലം ആയിരിക്കുന്നതുപോലെ ദൈവമക്കൾ വീണ്ടും ജനിച്ചപ്പോൾ തിരുവചനപ്രകാരം പഴയമനുഷ്യനെ അവന്റെ പ്രവൃത്തികളോടുകൂടെ ഉരിഞ്ഞുകളഞ്ഞു തന്നെ സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം പരിജ്ഞാനത്തിനായി പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ. വാക്കിനാലോ ക്രിയയാലോ എന്തുചെയ്താലും സകലവും കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തരം പിതാവായ ദൈവത്തിനു സ്തോത്രം പറഞ്ഞും കൊണ്ടിരിപ്പിൻ! അതുപോലെതന്നേ, മക്കദോന്യ സഭകൾ ചെയ്ത പ്രവൃത്തികൾ അവർ മുമ്പെ തങ്ങളേത്തന്നെ കർത്താവിന്നും, പിന്നെ ദൈവേഷ്ടത്തിന്നൊത്തവണ്ണം ഞങ്ങൾക്കും ഏല്പിച്ചു തന്നു. എത്ര നല്ല മാതൃക? നമ്മുടെ കർത്താവു സമ്പന്നനായിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നരാകേണ്ടതിന്നു നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ. ബാഹ്യവിഷയങ്ങളേക്കാൾ എത്രയോ ആത്മിക വിഷയങ്ങൾ പഠിക്കുവാനും പഠിപ്പിക്കുവാനുമുള്ളപ്പോൾ കപടഭക്തിക്കാരേപ്പോലെ പിടിക്കരുത്, രുചിക്കരുത് എന്നിങ്ങനെയുള്ള വിഷയങ്ങൾ ഉപേക്ഷിച്ച് നമ്മുടെ ശരീരം ദൈവത്തിന്റെ മന്ദിരമാകയാൽ നിങ്ങളെ വിലയ്ക്കുവാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നറിഞ്ഞ് നിങ്ങളുടെ ശരീരംകൊണ്ട് ദൈവത്തെ മഹത്ത്വപ്പെടുത്തുവിൻ എന്ന കല്പനയനുസരിച്ചു ജീവിക്കുവാൻ കർത്താവു നമ്മെ സഹായിക്കട്ടെ.

ലോകത്താകമാനം ചിന്നിച്ചിതറി പാർക്കുന്ന ദൈവമക്കൾക്കു പഠിക്കുവാനുള്ള ഏകഗ്രന്ഥം തിരുവചനം ആകയാൽ പരിശുദ്ധാത്മ സഹായത്താൽ അതു ദിനംതോറും വായിച്ചും പഠിച്ചും അനുസരിച്ചും ജീവിക്കുവാൻ ശ്രദ്ധിക്കുക. ബാഹ്യവിഷയങ്ങളേക്കാൾ ആത്മികവിഷയങ്ങൾക്കു പ്രാധാന്യം നല്കി പഠിക്കുവാനും പഠിപ്പിക്കുവാനും പരിശുദ്ധാത്മാവു നമ്മെ സഹായിക്കട്ടെ. 'ബുദ്ധിയില്ലാത്ത മൗഢ്യതർക്കം ശണ്ഠ ജനിപ്പിക്കുന്നു എന്നറിഞ്ഞ് അതിന് ഒഴിഞ്ഞിരിക്ക'!. വചനം പ്രസംഗിക്ക, സമയത്തിലും അസമയത്തിലും ഒരുങ്ങിയിരിക്ക. കർത്താവിന്റെ വരവ് ആസന്നമായിരിക്കുന്നു എന്ന വിശ്വാസത്തിൽ ജീവിക്കുന്ന ദൈവമക്കൾ കൃപയിലും ക്രിസ്തുവിനേക്കുറിച്ചുള്ള പരിജ്ഞാനത്തിലും വളരുവാൻ ഉത്സാഹിക്ക. എത്ര വിശുദ്ധജീവിതവും ഭക്തിയുമുള്ളവരായിരിക്ക. എന്നാൽ നാം അവന്റെ വാഗ്ദത്തപ്രകാരം നീതി വസിക്കുന്ന പുതിയ ആകാശത്തിനും ഭൂമിക്കുമായി കാത്തിരിക്കാം. ഈ ലേഖനം അതിന്നു സഹായമായി തീരട്ടെ!.

**എൽസി ബേബി, ന്യൂയോർക്ക്**

# ധീരയായ സ്ത്രീ രത്നത്തിന്റെ വീഴ്ച

ജീവിതത്തിൽ വീഴ്ച സംഭവിക്കുക എന്നത് സ്വാഭാവികമാണ്. അതിനുള്ള കാരണങ്ങൾ പലതാണ്. അത് കരുതിക്കൂട്ടിയായാൽ അതിനുള്ള ശിക്ഷ വളരെ കഠിനമാണ്. അവിടുന്ന് മുക്തിനേടുന്നതിനുള്ള മാർഗ്ഗം സദൃശ. 28:13-ൽ പറയുന്നത് "തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവനു ശുഭം വരികയില്ല അവയെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും" എന്നാണ്.

യിസ്രായേൽ മക്കൾ മിസ്രയീമിൽ പാർക്കുമ്പോൾ യോസേഫിനെ അറിയാത്ത രാജാവ് ഭരണം തുടങ്ങിയതു മുതൽ അവരെ കഠിനമായ അടിമവേല ചെയ്യിക്കുവാനും പീഡിപ്പിക്കുന്നതിനുമായി അവരുടെമേൽ ഊഴിയ വിചാരകന്മാരെ ആക്കി. പുറ. 1:11-13. എന്നാൽ അവർ പീഡിപ്പിക്കുന്തോറും യിസ്രായേൽ ജനം പെരുകി വർദ്ധിച്ചു. ഇതു നിമിത്തം അവർ പേടിച്ചു. അവരെക്കൊണ്ട് കഠിന വേല ചെയ്യിച്ചുവെന്നു മാത്രമല്ല അവരുടെ വംശവർദ്ധന തടയുന്നതിനായി ചില ക്രമീകരണങ്ങൾ ചെയ്തു. എബ്രായ സ്ത്രീകളുടെ പ്രസവ സമയത്ത് ആൺകുഞ്ഞുങ്ങൾ ജനിച്ചാൽ അതിനെ കൊന്നുകളയുവാനായി ഫറവോൻ കല്പന പുറപ്പെടുവിച്ച് സൂതികർമ്മിണികളെ നിയോഗിച്ചു. ഇവർ ദൈവത്തെ ഭയപ്പെടുക നിമിത്തം അനേക ആൺകട്ടികളെയും രക്ഷിച്ചുവെന്നു മനസ്സിലാക്കി യിസ്രായേല്യർക്കു ജനിക്കുന്ന എല്ലാ ആൺകുട്ടികളെയും നദിയിൽ ഇട്ടുകളയുകയും പെൺകുട്ടികളെ ജീവനോടെ രക്ഷിക്കയും ചെയ്യണമെന്ന് കല്പിച്ചു (പുറ.1:22).

ഇത്ര വലിയ പ്രതികൂലസാഹചര്യം നിലനില്ക്കുന്ന സമയത്താണ് പുരോഹിതനായ ലേവികുടുംബത്തിലെ അമ്രാം-യോഖോബേദ് ദമ്പതികൾക്ക് മോശെയെന്ന ആൺകുട്ടിയുടെ ജനനം. യിസ്രായേൽ ജനതയെ മിസ്രയീമ്യരുടെ ഇരുമ്പുലയിൽ നിന്നും രക്ഷിച്ച് വാഗ്ദത്തനാടായ കനാനിലെത്തിക്കുന്നതിനായി ദൈവം മുൻനിർണ്ണയപ്രകാരം നിയോഗിച്ച നേതാവാണ് മോശെ. തന്നോടൊപ്പം സഹായത്തിനായി തന്റെ സഹോദരങ്ങളായ അഹരോനെയും, മിര്യാമിനെയും നിയമിച്ചു, (മീഖ 6:4) ഞാൻ നിന്നെ മിസ്രയീം ദേശത്തു നിന്നും പുറപ്പെടുവിച്ചു. അടിമവീട്ടിൽ നിന്നു നിന്നെ വീണ്ടെടുത്തു മോശെയെയും അഹരോനെയും മിര്യാമിനെയും നിന്റെ മുമ്പിൽ അയച്ചു. ദൈവത്താൽ തിരഞ്ഞെടുത്ത് നേതൃത്ത്വസ്ഥാനത്തു നിലനിന്ന ധീരയായ സ്ത്രീരത്നമായി ശോഭിച്ച മിര്യാമിനുണ്ടായ വീഴ്ചയാണ് ഇവിടെ പരാമർശിക്കുന്നത്.

ഈ പ്രതികൂലസാഹചര്യത്തിൽ ജനിച്ച മോശെകുഞ്ഞിനെ തന്റെ കുടുംബം 3 മാസം ഒളിപ്പിച്ചുവച്ചു. തുടർന്ന് അതിനു സാദ്ധ്യതയില്ലാതെയായപ്പോൾ സ്നേഹനിധിയായ മാതാവ് വിവേകത്തോടുകൂടി തന്റെ കുഞ്ഞിനെ പരിപാലിക്കുവാനായി ഞാങ്ങണയുടെ പെട്ടകം വാങ്ങി കീലും പശയും തേച്ച് പൈതലിനെ അതിൽ കിടത്തി. നദിക്ക് അരികെയുള്ള ഞാങ്ങണയുടെ ഇടയിൽ വച്ചു. കുട്ടിക്കു എന്തു ഭവിക്കുമെന്നറിയുവാനായി സംരക്ഷണചുമതല ഏറ്റെടുത്തുകൊണ്ട് മാതാവിനെ അനുസരിച്ച് വളരെ ബുദ്ധിയോടും വിവേകത്തോടും പ്രവർത്തിക്കുന്ന ഒരു പെങ്ങൾ എന്നനിലയിലാണ് മിര്യാം ബൈബിളിൽ പ്രത്യക്ഷപ്പെടുന്നത്. ഫറവോന്റെ പുത്രി നദിയിൽ കുളിപ്പാൻ വന്നപ്പോൾ പെട്ടകത്തിലുള്ള കുട്ടിയെ കണ്ടപ്പോൾ അതിനോട് അലിവുതോന്നി. അപ്പോൾ മിര്യാം അടുത്തു ചെന്ന് വളരെ ഉത്തരവാദിത്വത്തോടെ കർത്തവ്യങ്ങൾ നിറവേറ്റുന്നതായി വ്യക്തമാക്കുന്നു. പുറപ്പാട് 2:3-8 ഇപ്രകാരം തന്റെ സഹോദരന്റെ ജീവനുവേണ്ടി ആത്മാർത്ഥതയോടെ പ്രവർത്തിച്ച വ്യക്തിയായിട്ട് മിര്യാമിനെ കാണുന്നത്. തന്മൂലം രാജകീയ സംരക്ഷണയിൽ മോശെയ്ക്ക് വളരുവാൻ സാധിച്ചു.

യിസ്രായേൽ മക്കൾ മിസ്രയീമിൽനിന്നും വിടുവിക്കപ്പെട്ട് കനാനിലേക്കുള്ള യാത്രയിൽ ചെങ്കടലിൽ ഉണങ്ങിയ നിലത്തുകൂടി അക്കരെ എത്തിയശേഷം തങ്ങളെ ഫറവോന്റെ സൈന്യത്തിന്റെ കൈയിൽനിന്നും അത്ഭുതകരമായി വിടുവിച്ച വിടുതൽ ഓർത്തു സ്തുതി ഗീതങ്ങൾ ആലപിക്കുമ്പോൾ അവർക്കു നേതൃത്വം നല്കിയത് മിര്യാം എന്ന പ്രവാചകിയായിരുന്നു (പുറ.15:20,21). കൈയ്യിൽ തപ്പെടുത്തു സ്ത്രീകളും അവളോടു ചേർന്നു തപ്പെടുത്തു പ്രതിഗാനമായി ദൈവത്തെ സ്തുതിച്ചു. ദൈവികപ്രവൃത്തികൾക്ക് സാക്ഷ്യം വഹിച്ച് ത്യാഗോജ്ജ്വലമായി പ്രവർത്തിച്ച പ്രവാചകിയുടെ വീഴ്ചയെപ്പറ്റി കാണുന്നത് സംഖ്യ. 12-ാം അദ്ധ്യായത്തിലാണ്. സ്വന്തസഹോദരനു വിരോധമായി അഹരോനും മിര്യാമും ചേർന്ന് ദൂഷണം സംസാരിക്കുന്നത്. മോശെ കൂശ്യസ്ത്രീയെ വിവാഹം കഴിച്ചതുനിമിത്തമാണെന്നാണ് സംഖ്യ. 12:1. (ഈ കൂശ്യ സ്ത്രീ മിദ്യാനിലെ പുരോഹിതന്റെ മകൾ സിപ്പോറ എന്ന് ചിലർ അഭിപ്രായപ്പെടുന്നു.) കൂശ്യ സ്ത്രീ നിമിത്തമെന്നു പറയുമ്പോൾ തുടർന്നുള്ള ഭാഗങ്ങളിൽ ഈ സ്ത്രീയെക്കുറിച്ച് ഒന്നും തന്നെ പറയാതെ മോശെയുടെ നേതൃത്വത്തെ ചോദ്യം ചെയ്യുന്ന രീതിയിലാണ് എന്നു വ്യക്തമാക്കുന്നു. സംഖ്യ 12:2 -ൽ യഹോവ മോശെ മുഖാന്തരം മാത്രമേ അരുളിചെയ്തിട്ടുള്ളുവോ? ഞങ്ങൾ മുഖാന്തരവും അരുളിചെയ്തിട്ടില്ലയോ? ഈ ചോദ്യത്തിനുള്ള മറുപടി പറയുന്നത് മോശെയല്ല പിന്നെയോ യഹോവയാണ് സംഖ്യ. 12:3-12 യഹോവ അതു കേട്ടു എന്നത് പ്രത്യേകം

ശ്രദ്ധേയമാണ്. നാം പറയുന്ന ഓരോ വാക്കും ദൈവം ശ്രദ്ധവെച്ചു കേൾക്കുന്നവനാണ്. മോശെയേക്കുറിച്ചുള്ള ദൈവത്തിന്റെ സാക്ഷ്യം. ഭൂതലത്തിലൊക്കെയും ഉള്ള സകലമനുഷ്യരിലും അതിസൗമ്യൻ എന്നാണ് (ഇത് താൻ സർവ്വവ്യാപിയാണെന്ന് വ്യക്തമാക്കുന്നു. സകലമനുഷ്യരേക്കുറിച്ചും അറിവുള്ളവനാണ് സങ്കീ. 139). പിന്നെയും ദൈവത്തിന്റെ ദാസനാണ് ദൈവഗൃഹത്തിലൊക്കെയും വിശ്വസ്തൻ, ദൈവം മറപൊരുളായിട്ടല്ലാതെ സ്പഷ്ടമായിട്ടു അരുളിചെയ്കയും യഹോവയുടെ രൂപം കാണുകയും ചെയ്ത വ്യക്തിയുമാണ്. അങ്ങനെയിരിക്കെ എന്റെ ദാസനായ മോശെയ്ക്കു വിരോധമായി സംസാരിപ്പാൻ ശങ്കിക്കാത്തതെന്ത് എന്ന് ചോദിച്ച് യഹോവയുടെ കോപം അവരുടെ നേരെ ജ്വലിച്ചു (സംഖ്യ 12:9).

തൽഫലമായി അവൻ മറഞ്ഞു. മേഘവും കൂടാരത്തിൽനിന്നു നീങ്ങിപ്പോയി. മിര്യാം ഹിമംപോലെ വെളുത്തു കുഷ്ഠരോഗിണിയായി (കുഷ്ഠരോഗി സകലരാലും വെറുക്കപ്പെട്ടവരായിരുന്നു) ഇവിടെ മിര്യാം അനുതപിച്ചതായി കാണുന്നില്ല. പകരം അഹരോൻ അവൾക്കുവേണ്ടി തങ്ങൾ കുറ്റം പറഞ്ഞതായ മോശെയെ യജമാനനെന്നു വിളിച്ചു ഞങ്ങൾ ഭോഷത്തമായി ചെയ്തുപോയ ഈ പാപം ഞങ്ങളുടെമേൽ വയ്ക്കരുതേ എന്ന് അപേക്ഷിച്ചു. അപ്പോൾ മോശെ യഹോവയോടു അവൾക്കുവേണ്ടി നിലവിളിച്ചു. തന്മൂലം അവൾക്ക് ശിക്ഷ വിധിച്ചു. 7 ദിവസം പാളയത്തിനു പുറത്ത് അടച്ചിടുവാൻ കല്പിച്ചു. നോക്കൂ സ്ത്രീരത്നമായി ശോഭിക്കേണ്ട ധീരവനിതയുടെ അവസ്ഥ എത്ര ശോചനീയം.

ഇതിന്റെ പരിണതഫലമായി 7 ദിവസത്തേക്ക് അവളെ പാളയത്തിനു പുറത്താക്കി. മറ്റുള്ളവരുമായുള്ള കൂട്ടായ്മബന്ധം നഷ്ടമായി. അവരുടെ യാത്രയ്ക്കു തടസ്സം നേരിട്ടു. മിര്യാം കാദേശിൽ വച്ചു മരിച്ചു. അവിടെ അടക്കം ചെയ്തു. (സംഖ്യാ.20:1)

പ്രിയ സഹോദരിമാരേ, മിര്യാം നമുക്കു ഒരു മുന്നറിയിപ്പാ യിരിക്കട്ടെ. നാം എത്ര തന്നെ നേതൃസ്ഥാനത്തു ഉന്നതപദവിയിലായി രുന്നാലും നാം മറ്റുള്ളവരെ വിധിക്കരുത്. മത്തായി 7:1 വ്യാജവർത്തമാനം പരത്തരുത് (പുറ. 23:1). നിന്റെ വായ് നിന്റെ ദേഹത്തിനു പാപകാര ണമാകരുതു (സഭാ.പ്ര. 5:6) ദോഷം ചെയ്യാതെ നിന്റെ നാവിനെയും വ്യാജംപറയാതെ നിന്റെ അധരത്തെയും കാത്തുകൊണ്ട്. (സങ്കീ. 34:13). കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിനായി ആത്മികവർദ്ധനയ് ക്കായി നല്ല വാക്കു പറഞ്ഞുകൊണ്ടും എഫെ. 4:29, കൃപയോടു കൂടിയതും ഉപ്പിനാൽ രുചി വരുത്തിയതുമായ വാക്കുകളായിരിപ്പാൻ സർവ്വശക്തൻ നമ്മെ സഹായിക്കുമാറാകട്ടെ. (കൊലൊ.4:6).

**സാറാമ്മ ശശി, കവിയൂർ**

# സാക്ഷാൽ സ്വാതന്ത്ര്യം

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി ബ്രിട്ടീഷ് അടിമത്തത്തിൽ നിന്ന് നമുക്ക് 1947 ആഗസ്റ്റ് 15-ന് സ്വാതന്ത്ര്യം നേടിത്തന്നു. എന്നാൽ നാം ഇന്ന് സ്വതന്ത്രരാണോ? ജാതിയുടെയും, മതത്തിന്റെയും പേരിൽ കൊലപാതകങ്ങൾ പെരുകുന്നു. രാഷ്ട്രങ്ങൾ തമ്മിലടിക്കുകയും വിഭജിക്കപ്പെടുകയും ചെയ്യുന്നു. മനുഷ്യൻ ഇന്നും അടിമത്തത്തിൽ കഴിയുന്നു.

**ഈശ്വരസൃഷ്ടിയായ മനുഷ്യൻ:**

ദൈവം മനുഷ്യനെ തന്റെ ഛായയിൽ നിലത്തെ പൊടിയിൽ നിന്ന് സൃഷ്ടിച്ചു എന്ന് വിശുദ്ധബൈബിൾ പറയുന്നു. (ഉൽപത്തി 1:27, 2:7) പ്രപഞ്ചത്തിലെ ഏറ്റവും വലിയ അത്ഭുതമാണ് ദൈവവചനം വിശ്വസിച്ചനുസരിക്കുന്ന മനുഷ്യൻ. വിശാലമായ ആകാശത്തിന്റെ ശോഭനവേദിയിൽ ദീപാവലി ഒരുക്കുന്ന നക്ഷത്രങ്ങളോ, സപ്ത വർണ്ണങ്ങൾ കമാനമുയർത്തുന്ന മാർമഴവില്ലോ, വെൺമേഘപാളികൾക്കിടയിൽ ഒളിച്ചുകളിക്കുന്ന പാലൊളിചന്ദ്രനോ, സ്വർണ്ണപ്രഭയാൽ ഭൂമിയെ പുണരുന്ന ഉദയസൂര്യനോ, സായംസന്ധ്യയിലെ മന്ദമാരുതന്റെ തലോടലേറ്റു കുളിർകൊള്ളുന്ന താമരമൊട്ടുകളോ മനുഷ്യനെന്ന സുന്ദരജീവിയോടൊപ്പം അത്ഭുതത്തിനു വക നല്കുന്നില്ല.

ദേഹം (Body), ദേഹി (Soul), ആത്മാവ് (Spirit) എന്ന മൂന്നു ഘടകങ്ങൾ ചേർന്നതാണ് മനുഷ്യൻ. മനുഷ്യന്റെ ആത്മാവ് ദൈവത്തിൽനിന്നുള്ള ജീവശ്വാസം (Breath of life) ആണ്. മനുഷ്യന് വിവേകവും, സ്വതന്ത്ര ഇച്ഛാശക്തിയും ഉള്ളതായ ഒരു വ്യക്തിയാക്കി തീർക്കുന്ന ബുദ്ധിശക്തി, ഇച്ഛാശക്തി, മനസ്സ്, ബോധമണ്ഡലം അഥവാ മനഃസാക്ഷി, അദൃശ്യമായ കഴിവുകൾ എന്നിവയെല്ലാമാണ് മനുഷ്യന്റെ ആത്മാവിൽ അടങ്ങിയിരിക്കുന്നത്. ദേഹി (ജീവൻ) എന്നത് ആഗ്രഹങ്ങളുടെയും, വികാരങ്ങളുടെയും അഭിനിവേശങ്ങളുടെയും, ചോദനങ്ങളുടെയും, സംവേദനങ്ങളുടെയും ഇരിപ്പിടമാണ്. (Soul is the seat of the desires feeling, passion, appetites and emotion). ദേഹം (ശരീരം) ദേഹിയുടെയും, ആത്മാവിന്റെയും ഗൃഹവും മരണത്തെത്തുടർന്നു പൊടിയിലേക്ക് മടങ്ങുന്നതും (ഉൽപത്തി 3:19) പുനരുത്ഥാനത്തിൽ അമർത്യമായിത്തീരുന്നതുമാണ് (1 കൊരിന്ത്യർ 15:54-58). ആത്മാവ് ദേഹത്തെയും ദേഹിയെയും നിയന്ത്രിച്ചു നടത്തുക എന്നതാ

യിരുന്നു ദൈവം വെച്ചിരുന്ന വ്യവസ്ഥ. എന്നാൽ പാപം മനുഷ്യനിൽ പ്രവേശിച്ചതുമൂലം ആത്മാവ് ശരീരത്തിന്റെയും, ദേഹിയുടെയും നിയന്ത്രണത്തിലായി പോകുകയും മനുഷ്യൻ സ്രഷ്ടാവായ ദൈവ ത്തിൽനിന്ന് അകന്ന് നിത്യമരണത്തിന് കാരണക്കാർ ആകുകയും ചെയ്തു.

**എങ്ങനെ പാപത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കാം?**

തന്നിൽ വിശ്വസിച്ച യെഹൂദന്മാരോടു യേശു എന്റെ വചനത്തിൽ നിലനില്ക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി സത്യം അറികയും, സത്യം നിങ്ങളെ സ്വതന്ത്രരാ ക്കുകയും ചെയ്യും എന്നു പറഞ്ഞു. ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: പാപം ചെയ്യുന്നവൻ എല്ലാം പാപത്തിന്റെ ദാസൻ (അടിമ) ആകുന്നു. (യോഹ. 8:34,). പാപത്തിൽ നിന്നും രോഗത്തിൽനിന്നും എല്ലാ ശാപങ്ങളിൽ നിന്നും പിശാചിന്റെ അടിമത്തത്തിൽനിന്നും മനുഷ്യരെ സ്വതന്ത്രരാക്കുവാനായി ജഡാവതാരം ചെയ്ത് ക്രൂശിൽ മരിച്ച് അടക്കപ്പെട്ട് മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു. ഇതാണ് യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ രഹസ്യം. വചനം ജഡമായി തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു (യോഹന്നാൻ. 1:14-18). യേശുവിന്റെ വ്യക്തിത്വത്തിൽ മനുഷ്യത്വവും , ദൈവത്ത്വവും അടങ്ങിയിരിക്കുന്നു. മനുഷ്യത്വം ഇല്ലാതിരുന്ന അവസ്ഥയിൽ നിന്നു മനുഷ്യാവതാരം വഴി മനുഷ്യത്വമുള്ളവനായി ലോകത്തിൽ വന്നു (ഫിലി.2:6,7).

**എങ്ങനെ രക്ഷ ലഭിക്കും?**

“ക്രിസ്തുയേശു പാപികളെ രക്ഷിക്കുവാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാവരും അംഗീകരിക്കുവാൻ യോഗ്യവുമായ വചനം തന്നെ” (1 തിമൊഥെയൊസ് 1:15). “യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ടു ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേല്പിച്ചുവെന്ന് ഹൃദയംകൊണ്ടു വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും” (റോമർ 10:9).

**പൗലൊസിനുണ്ടായ സ്വാതന്ത്ര്യം:**

അനേകം സ്റ്റോയിക്ക് തത്ത്വചിന്തകന്മാരുടെ ജന്മസ്ഥലമായ തർസൊസിൽ ജനിച്ച പൗലൊസിൽ പരീശ (എബ്രായ) മതം, യവന സംസ്കാരം, റോമൻ പൗരത്വം എന്നിവ സമന്വയിച്ചിരുന്നു. യെഹൂദ മതത്തിലെ സമ്മതനായ ഒരു നായകനായിരുന്നു ശൗൽ. സ്തെഫാ

നോസിന്റെ മരണത്തോടെ ആരംഭിച്ച പീഡനത്തിന്റെ നേതൃത്വം ശൗലിനായിരുന്നു. തന്റെ യെഹൂദാമതത്തിലുള്ള ശുഷ്കാന്തിയും മതഭ്രാന്തുമാണ് അതിനു കാരണം. ക്രിസ്തുമാർഗ്ഗം പരീശമതത്തിന് വലിയഭീഷണിയാണെന്നു താൻ മനസ്സിലാക്കി. ഈ ക്രിസ്തുമത പീഡകൻ മഹാപുരോഹിതനിൽനിന്നും അധികാരപത്രം വാങ്ങി ദമസ്ക്കൊസിനു സമീപിച്ചപ്പോൾ ആണ് അദ്ദേഹത്തിന്റെ ജീവിതത്തിന് പരിവർത്തനം സംഭവിക്കുന്നത്. (അപ്പൊ.പ്രവൃ. 9:1-22) താമസംവിനാ യേശുതന്നെ ദൈവപുത്രനെന്ന് ദമസ്ക്കൊസിലുള്ള യെഹൂദന്മാരുടെ പള്ളികളിൽ സധൈര്യം ഘോഷിച്ചു. കർത്താവായ യേശുക്രിസ്തുവിനുശേഷം തന്റെ ഒന്നും, രണ്ടും മൂന്നും. മിഷണറിയാത്രകളിലൂടെ സഭാചരിത്രത്തിൽ മുഴങ്ങിക്കേട്ട ശക്തമായ ശബ്ദം പൗലൊസിന്റേതാണ്. യെഹൂദാമതത്തിന്റെ പരിധികളും, പരിമിതികളും ലംഘിച്ചുകൊണ്ട് വിജാതീയരുടെ പ്രധാന അപ്പൊസ്തലനായി താൻ മാറി. തന്റെ എബ്രായനാമമായ ശൗൽ എന്നതിനുപകരം പൗലൊസ് അഥവാ ചെറിയവൻ എന്ന് താൻ അറിയപ്പെടുവാൻ ആഗ്രഹിച്ചു. പുതിയ നിയമത്തിൽ ഈടുറ്റ 14 ലേഖനങ്ങൾ എഴുതുവാനും അനേകം സഭകൾ സ്ഥാപിക്കുവാനും ദൈവം പൗലൊസിനെ ഉപയോഗിച്ചു. കാരാഗൃഹത്തിൽ കിടന്നുപോലും എഴുതിയ തന്റെ ലേഖനങ്ങൾ സുവിശേഷത്തിന് ബന്ധനമില്ല എന്നതിനു തെളിവാണ്. തനിക്കു പറയുവാനുള്ളത് അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയും ഇല്ല. ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്കു പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്നു ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു (റോമർ 8:1,2). അതെ ക്രിസ്തുയേശുവിലൂടെ സ്വാതന്ത്ര്യം പ്രാപിച്ച അനേക കോടികളിൽ ഒരു ഉദാഹരണം മാത്രമാണ് പൗലൊസ്.

പ്രിയ സ്നേഹിതാ, താങ്കൾ യഥാർത്ഥ സമാധാനം ലഭിക്കാതെ പാപത്തിന്റെ അടിമത്തത്തിൽ ആണോ? ഇപ്രകാരം പ്രാർത്ഥിക്കുക: യേശുവേ അങ്ങ് എനിക്കുവേണ്ടി മരിച്ച് എനിക്ക് സമാധാനവും രക്ഷയും തന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ ഒരു പാപിയാണെന്നും അങ്ങയുടെ രക്തം എന്റെ സകല പാപവും, രോഗവും, ശാപവും നീക്കി എന്നും ഞാൻ വിശ്വസിക്കുന്നു. അങ്ങു എന്റെ രക്ഷകനായി എന്റെ ഹൃദയത്തിൽ എഴുന്നെള്ളിവരണമേ. ഇപ്രകാരം താങ്കൾ ഒരു ദൈവപൈതലായി നിത്യതയ്ക്ക് അവകാശിയും യേശുക്രിസ്തുവിലൂടെ സകല അനുഗ്രഹങ്ങൾക്കും അവകാശിയും ആയിത്തീർന്നിരിക്കുന്നു എന്നും വിശ്വസിക്കുക.

**കുഞ്ഞുമോൾ ഈപ്പച്ചൻ, തിരുവനന്തപുരം**

# ഭക്തന്റെ കൊടി

"സത്യം നിമിത്തം ഉയർത്തേണ്ടതിന്നു നീ നിന്റെ ഭക്തന്മാർക്ക് ഒരു കൊടി നല്കിയിരിക്കുന്നു"(സങ്കീ. 60:4).

കൊടി വിജയത്തെ കാണിക്കുന്നു. പോരാട്ടം രണ്ടുവ്യക്തികൾ തമ്മിലോ രണ്ടു പാർട്ടികൾ തമ്മിലോ രണ്ടു രാജ്യങ്ങൾ തമ്മിലോ ആകാം. എന്നാൽ ഒരാൾക്കേ വിജയം ലഭിക്കയുള്ളു. ദൈവമക്കളായ നമ്മെ സംബന്ധിച്ച് നമുക്കു പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോകത്തിലെ ദുഷ്ടാത്മ സേനകളോടും അത്രേ. അതായത് സാത്താനാണ് നമ്മുടെ പോരാളി. അവനോടു പോരാടുന്നതിനു നാം ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുത്തു കൊള്ളണം. അരെക്കു സത്യം കെട്ടണം. നീതി എന്ന കവചം ധരിക്കണം. സമാധാന സുവിശേഷത്തിനായുള്ള ഒരുക്കം കാലിന്നു ചെരുപ്പാക്കണം. വിശ്വാസം എന്ന പരിച എടുക്കണം. രക്ഷ എന്ന ശിരസ്ത്രം ധരിക്കണം. ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈയിൽ പിടിക്കണം. പ്രാർത്ഥനയുടെ പശ്ചാത്തലത്തിൽ വേണം യുദ്ധം ചെയ്‌വാൻ (എഫെ. 6:10-18). യുദ്ധത്തിൽ വിജയം നല്കുന്നത് ദൈവമാണ്. ദൈവം സത്യമാണ്. ആയതിനാൽ ദൈവമക്കളായ നാമും സത്യത്തിലാണ് സാത്താനോടു പോരാടുന്നത്. നമുക്ക് ഉയർത്തുവാനാണ് ദൈവം ഒരു കൊടി നല്കിയിരിക്കുന്നത്.

ദൈവജനത്തെ ആക്രമിച്ചു നശിപ്പിക്കുവാനും കൊല്ലുവാനും വന്ന അമാലേക്യരെ, പുതിയ ഒരു യുദ്ധതന്ത്രത്തിലൂടെ പരാജയ പ്പെടുത്തി, സമ്പൂർണ്ണ വിജയം നല്കിയ ദൈവത്തിനു മോശെ ഒരു യാഗപീഠം പണിതു. അതിനു മോശെ നല്കിയ പേരാണ് 'യഹോവ നിസ്സി', പുറ.17:15 "പിന്നെ മോശെ ഒരു യാഗപീഠം പണിതു, അതിന്നു യഹോവ നിസ്സി (യഹോവ എന്റെ കൊടി) എന്നു പേരിട്ടു". സർവ്വശക്ത നായ ദൈവം തന്റെ ശക്തിയുള്ള ഭുജത്താൽ, ഫറവോന്റെ ഉരുക്കു മുഷ്ടിയിൽ നിന്നു യിസ്രായേൽ മക്കളെ വിടുവിച്ചു, അത്ഭുതകരമായി ചെങ്കടലിനെ വിഭാഗിച്ചു അതിലൂടെ ഉണങ്ങിയ നിലം എന്ന പോലെ സുരക്ഷിതരായി മറുകര എത്തിച്ചു. അവരെ ആക്രമിച്ചു കൊല്ലുവാൻ പിന്തുടർന്ന ശത്രുസൈന്യത്തെ മുഴുവനായി ചെങ്കടലിൽ മുക്കിക്കൊന്നു. ചെങ്കടലിന്റെ തീരത്തു വെച്ചു മോശെയും, അഹരോനും, മിര്യാമും സകല യിസ്രായേൽ മക്കളും ചേർന്നു മഹോന്നതനാം ദൈവത്തെ വിടുതലിന്റെ സന്തോഷഗീതങ്ങൾ പാടി ആർത്തു സ്തു

തിച്ചു. ചെങ്കടൽ തീരത്തു നിന്നും അവർ യാത്ര ചെയ്തു ശൂർ മരുഭൂമിയിൽ എത്തി. അവിടെ അവർക്കു കുടിപ്പാൻ കിട്ടിയ വെള്ളം കയ്പായതിനാൽ കുടിക്കാൻ കഴിഞ്ഞില്ല. മോശെ ദൈവത്തോടപേക്ഷിച്ചു. ദൈവം ഒരു വൃക്ഷം കാണിച്ചുകൊടുത്തു. മോശെ അതു വെള്ളത്തിലിട്ടപ്പോൾ വെള്ളം മധുരമായിത്തീർന്നു (പുറ.15:22-25). മാറായിൽ നിന്നു യാത്രചെയ്ത ദൈവജനം സീൻ മരുഭൂമിയിൽ എത്തി. അവിടെവച്ചു അവർ മോശെയ്ക്കും അഹരോനും വിരോധമായി പിറുപിറുത്തു. എന്നിട്ടും ദൈവം അവർക്കു ആകാശത്തു നിന്നു മന്നായും ഇറച്ചിയും നല്കി പോഷിപ്പിച്ചു (പുറ.16). സീൻമരുഭൂമിയിൽ നിന്നു അവർ യാത്രചെയ്തു രെഫീദീമിൽ എത്തി. അവിടെ കുടിപ്പാൻ ജലം ഇല്ലായിരുന്നു. ജനമെല്ലാം മോശെയുടെ നേരേ പിറുപിറുത്തു കല്ലെറിയുവാൻ തുനിഞ്ഞു. ദാഹജലത്തിനായി അപേക്ഷിച്ച മോശെയ്ക്കു ദൈവം ഒരു പാറ കാണിച്ചുകൊടുത്തു. അതിനെ തന്റെ വടി കൊണ്ടു അടിക്കുവാൻ കല്പ്പിച്ചു. പാറയിൽ നിന്നും മത്സരികളായവർക്കു വെള്ളം പുറപ്പെടുവിച്ചു. പിറുപിറുപ്പിന്റെ രംഗത്തിലും ദൈവം അവർക്കു പാറയിൽ നിന്നും വെള്ളം കൊടുത്തു തൃപ്തരാക്കി. രെഫീദീം അവർക്കു പരിശോധനയുടെ രംഗമായിരുന്നു. അവിടെ അമാലേക്യരോടു യുദ്ധം ചെയ്യേണ്ടിവന്നു. അമാലേക് ഏശാവിന്റെ പുത്രനായ ഏലീഫാസിന്റെ മകനായിരുന്നു. അവരുടെ സന്തതി വർഗ്ഗത്തെ അമാലേക്യർ എന്നറിയപ്പെടുന്നു (ഉൽപ. 36:12,16). അമാലേക്യർ യിസ്രായേലിന്റെ ശത്രുക്കളായിരുന്നു. യിസ്രായേൽ മിസ്രയീമിൽ നിന്നു ക്ഷീണിച്ചു തളർന്നു വരുന്ന സമയം യാതൊരു പ്രകോപനവുമില്ലാതെ അമാലേക്യർ യിസ്രായേലിനെ പിമ്പിൽ നിന്നു ആക്രമിച്ചു (ഉൽപ. 25:17-19).

രെഫീദീമിൽ അമാലേക്യരോടു യുദ്ധം ചെയ്യുവാനായി മോശെ തന്റെ ബാല്യക്കാരനും യുവയോദ്ധാവുമായ യോശുവയെ അയച്ചു. യോശുവ തിരഞ്ഞെടുക്കപ്പെട്ട ആളുകളുമായി അമാലേക്യരോടു പകൽ മുഴുവൻ പടവെട്ടി. മോശെയോ കുന്നിന്മേൽ കയറി, ചെങ്കടലിനെ വിഭാഗിച്ച വടി തന്റെ കൈയിൽ ഉയർത്തിപ്പിടിച്ചുകൊണ്ടു നിന്നു. മോശെയുടെ കൈ ഉയർന്നിരിക്കുമ്പോൾ യിസ്രായേൽ ജയിക്കും; കൈ താഴ്ന്നിരിക്കുമ്പോൾ അമാലേക്ക് ജയിക്കും. ഏറെനേരം കൈ ഉയർത്തിപ്പിടിച്ചപ്പോൾ കൈക്കു ഭാരമുണ്ടായി. അപ്പോൾ അഹരോനും, ഹൂരും ഇരുവശങ്ങളിൽ നിന്നു താങ്ങി, സൂര്യൻ അസ്തമിക്കുംവരെ ഉറച്ചു നിന്നു. അമാലേക്ക് തോല്പ്പിക്കപ്പെട്ടു. യിസ്രായേലിനെ ആക്രമിക്കുവാൻ വന്ന അമാലേക്കിനെ പുതിയ യുദ്ധതന്ത്രത്താൽ ദൈവം തോല്പ്പിച്ചു യിസ്രായേലിനു വിജയം കൊടുത്തു. മോശെ അവിടെ ഒരു യാഗപീഠം പണിതു അതിനു യഹോവനിസ്സി (യഹോവ എന്റെ കൊടി) എന്നു പേരിട്ടു (പുറ. 17:8-16).

യുദ്ധത്തിൽ ജയിക്കുന്ന രാജ്യം അവരുടെ പതാക (കൊടി) തോല്പ്പിക്കപ്പെട്ട രാജ്യത്തിൽ ഉയർത്താറുണ്ട്. പുരാതനകാലത്ത് പുതിയ ഒരു സ്ഥലം, ദ്വീപ്, പർവ്വതം എന്നിവയൊക്കെ കണ്ടുപിടിക്കു മ്പോഴും കീഴടക്കുമ്പോഴും കൊടി ഉയർത്തിയിരുന്നു. മോശെ അമാലേക്കിന്മേൽ ഉയർത്തിയ കൊടി ദൈവം അവർക്കു നല്കിയ വിജയത്തിന്റെ കൊടിയായിരുന്നു. പഴയകാലങ്ങളിൽ കൊടി അഥവാ ബാനർ എന്നത് എപ്പോഴും തുണിക്കഷണത്തെയോ പതാകയെയോ മാത്രം പറയുന്നതുമല്ല. നീളമുള്ള തടിയിലോ, മുളയിലോ പെട്ടെന്നു ശ്രദ്ധ ആകർഷിക്കത്തക്കതായ ഏതെങ്കിലും ഉയർത്തിയിരിക്കുന്ന തിനെയും കുറിക്കുന്നു. ഉദാഹരണമായി മരുഭൂമിയിൽ ദൈവത്തോടു പിറുപിറുത്ത യിസ്രായേൽ ജനം അഗ്നിസർപ്പത്തിന്റെ കടിയേറ്റു മരി ക്കുന്ന അവസരത്തിൽ ദൈവനിർദ്ദേശപ്രകാരം മോശെ കൊടിമര ത്തിൽ തൂക്കിയ താമ്രസർപ്പത്തെ നോക്കിയവർ മരിക്കാതെ ജീവൻ പ്രാപിക്കുവാൻ ഇടയായി. ഇവിടെ മരത്തിന്മേൽ തൂക്കപ്പെട്ടതു കൊടി അല്ലായിരുന്നെങ്കിലും അതിലേക്കു നോക്കിയവർ മരിക്കാതെ ജീവി ക്കുവാൻ ഇടയാക്കിയതു യഹോവയുടെ കൊടി ആയിരുന്നു (സംഖ്യാ. 21:4-9/യോഹ.3:14,15).

കൂരിരുൾ താഴ്‌വരയുടെ അനുഭവത്തിലൂടെ കടന്നു പോകുന്ന ഒരു വിശ്വാസിയെ ആശ്വസിപ്പിക്കുകയും ജയം നല്കുകയും ചെയ്യുന്ന ദൈവമാണ് യഹോവ നിസ്സി. 'കൂരിരുൾ താഴ്‌വരയിൽ കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല; നീ എന്നോടു കൂടെ ഇരിക്കുന്നുവല്ലോ; നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു. എന്റെ ശത്രുക്കൾ കാൺകെ നീ എനിക്കു വിരുന്നു ഒരുക്കുന്നു; എന്റെ തലയെ എണ്ണകൊണ്ടു അഭിഷേകം ചെയ്യുന്നു; എന്റെ പാനപാത്രവും നിറഞ്ഞു കവിയുന്നു' (സങ്കീ.23:4,5).

ഉത്തമഗീതത്തിൽ ശൂലേംകാരി തന്റെ പ്രിയന്റെ സ്നേഹത്തെ വർണ്ണിക്കുമ്പോഴും എന്റെ മീതെ അവൻ പിടിച്ചിരുന്ന കൊടി സ്നേഹമായിരുന്നു (ഉത്തമഗീതം 2:4) എന്നു പറയുന്നു. പാപികളായ മനുഷ്യവർഗ്ഗം ഒന്നടങ്കം പാപത്തിന്റെ ശിക്ഷയായ നിത്യമരണത്തിനു വിധിക്കപ്പെട്ട അവസരത്തിൽ അവരെ നീതീകരിക്കുവാനും, ദൈവമക്കൾ ആക്കുവാനും വേണ്ടിയാണ് കാൽവറിയിൽ കർത്താവായ യേശുക്രിസ്തു മരിച്ചത്. ഈ കാൽവറിക്രൂശിൽ യാഗമായിത്തീർന്ന യേശുക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ നിത്യമരണത്തിൽ നിന്നും നിത്യജീവനിലേക്കു പ്രവേശിക്കുവാൻ സാധിക്കുന്നു. അതായതു കാൽവറിക്രൂശിൽ ഉയർത്തപ്പെട്ട വിജയത്തിന്റെ കൊടി യഹോവനിസ്സി തന്നെയായിരുന്നു.

**ജോയമ്മ സാംസൺ, കൊല്ലം**

# നീ അവിടെ ഉണ്ടായിരുന്നുവോ?

യെരുശലേമിൽ നിന്നും ഏതാണ്ട് മൂന്നു കിലോമീറ്റർ അകലെ യെരീഹോവിനുള്ള പാതയോടടുത്ത് സ്ഥിതി ചെയ്തിരുന്ന ഒരു ഗ്രാമമായിരുന്നു ബേഥാന്യ. അവിടെയുള്ള ഒരു ഭവനത്തിൽ മാർത്ത, മറിയ എന്നീ രണ്ടു സഹോദരിമാരും അവരുടെ സഹോദരനായ ലാസറും പാർത്തിരുന്നു. കർത്താവായ യേശു അതുവഴി കടന്നുപോകുമ്പോൾ പലപ്പോഴും ആ ഭവനം സന്ദർശിക്കയും അവരുടെ സൽക്കാരം സ്വീകരിക്കയും ചെയ്തിരുന്നു. അചിരേണ കർത്താവിനു വളരെ പ്രിയപ്പെട്ട ഒരു ഭവനമായി അതു പരിണമിച്ചു.

യോഹന്നാന്റെ സുവിശേഷം 11, 12 അധ്യായങ്ങളിലാണ് മേല്പറഞ്ഞ ഭവനത്തെക്കുറിച്ചും വ്യക്തികളെക്കുറിച്ചും പ്രത്യക്ഷമായി പരാമർശിച്ചിരിക്കുന്നത്. മാർത്ത, മറിയ എന്നിവരെക്കുറിച്ചോ അവരുടെ സഹോദരനായ ലാസറിനെക്കുറിച്ചോ യോഹന്നാൻ മറ്റെങ്ങും പറയുന്നില്ല. എന്നാൽ ലൂക്കൊസ് 10: 38-42 വാകൃങ്ങളിൽ ഗ്രാമത്തിന്റെ പേർ പറയാതെ മാർത്തയെയും മറിയയെയുംക്കുറിച്ച് പറയുന്നുണ്ട്. മാർത്ത കർത്താവിനെ സൽക്കരിക്കുന്നതിനുള്ള ബദ്ധപ്പാടിൽ മുഴുകിയിരിക്കുമ്പോൾ മറിയ കർത്താവിന്റെ പാദപീഠത്തിലിരുന്നു തിരുമൊഴികൾ കേൾക്കുന്നതിനാണ് താത്പര്യപ്പെട്ടത്. മാർത്ത അതിനെക്കുറിച്ച് പരാതിപ്പെട്ടപ്പോൾ 'മറിയ നല്ല അംശം തിരഞ്ഞെടുത്തിരിക്കുന്നു. അത് ആരും അവളിൽനിന്ന് അപഹരിക്കുകയുമില്ല' എന്നാണ് കർത്താവ് പറഞ്ഞത്.

യോഹന്നാൻ 11:3 ൽ ലാസറിന്റെ രോഗവിവരം യേശുവിനെ അറിയിക്കുമ്പോൾ "കർത്താവേ നിനക്ക് പ്രിയനായവൻ ദീനമായ്ക്കിടക്കുന്നു" എന്നാണ് പറഞ്ഞയച്ചത്. ഇതിൽനിന്നും യേശുവിന് ഈ ഭവനവുമായി വളരെ അടുത്ത ബന്ധം ഉണ്ടായിരുന്നു എന്ന് മനസ്സിലാക്കാം. എന്നാൽ യേശു താൻ ആയിരുന്ന സ്ഥലത്ത് രണ്ടുദിവസം കൂടെ താമസിച്ച ശേഷമാണ് ബേഥാന്യയിലേക്ക് പുറപ്പെടുന്നത്. യേശു എത്തിയപ്പോഴേക്കും ലാസർ മരിച്ച് അടക്കപ്പെട്ടു. സ്വസഹോദരന്റെ അകാലത്തിലുള്ള വേർപാടിൽ മറിയയ്ക്കുണ്ടായ അത്യുല്ക്കടമായ സങ്കടവും അവളോടുകൂടെ ഉണ്ടായിരുന്ന യെഹൂദന്മാരുടെ സഹതാപവും ദർശിച്ചപ്പോൾ കർത്താവിന്റെ ഉള്ളം കലങ്ങി അവൻ

കണ്ണുനീർ വാർത്തു എന്നാണ് യോഹന്നാൻ രേഖപ്പെടുത്തിയിട്ടുള്ളത്. 'നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ ഞങ്ങളുടെ സഹോദരൻ മരിക്കയില്ലായിരുന്നു' എന്ന് അവർ പരിഭവം പറഞ്ഞെങ്കിലും താൻ എന്താണ് ചെയ്യാൻപോകുന്നതെന്നു യേശുവിന് പൂർണ്ണനിശ്ചയം ഉണ്ടായിരുന്നു. തൽഫലമായി നാലുദിവസമായി മരിച്ചു നാറ്റം വച്ചവനെ ഉയിർപ്പിച്ച് കല്ലറയിൽനിന്നും പുറത്തിറക്കി ബന്ധുജനങ്ങളെ ഏല്പിക്കയാണുണ്ടായത്.

കർത്താവിനെ ബേഥാന്യയിൽ നാം വീണ്ടും കാണുന്നത് പെസഹയ്ക്ക് ആറു ദിവസം മുമ്പാണ്. (യോഹ. 12: 1,8). 'അവിടെ അവർ അവനൊരു അത്താഴം ഒരുക്കി, മാർത്ത ശുശ്രൂഷ ചെയ്തു' എന്ന് നാം വായിക്കുന്നു. അത്താഴം ആരുടെ വീട്ടിൽ വച്ചായിരുന്നെന്നോ പെസഹയ്ക്ക് കൃത്യം എത്ര ദിവസം മുൻപായിരുന്നെന്നോ പറയുന്നില്ല. പെസഹയ്ക്കു രണ്ടുദിവസം മുൻപ് ബേഥാന്യയിൽ കുഷ്ഠരോഗിയായ (ആയിരുന്ന) ശിമോന്റെ വീട്ടിൽ യേശു ഒരു വിരുന്നിൽ പങ്കെടുത്തതായി മർക്കൊസ് 14:1-9 വാക്യങ്ങളിലും മത്തായി 26:6-13 വാക്യങ്ങളിലും വിവരിക്കുന്നുണ്ട്. മേല്പറഞ്ഞ മൂന്നു വേദഭാഗങ്ങളിലും സമാനരീതിയിലുള്ള കാര്യങ്ങളാണ് തുടർന്നു സംഭവിക്കുന്നത്. വിലയേറിയ സ്വച്ഛജടാമാംസി തൈലം കർത്താവിന്റെ ശരീരത്തിൽ പൂശിയതായിട്ടാണ് വായിക്കുന്നത്. മർക്കൊസ് 14:3 ലും മത്തായി 26:6 ലും പറയുന്ന 'ഒരു സ്ത്രീ' മറിയ ആയിരിക്കാനാണ് സാധ്യത. 'അവൾ തന്നാൽ ആവത് ചെയ്തു...... സുവിശേഷം ലോകത്തിൽ ഒക്കെയും പ്രസംഗിക്കുന്നേടത്തെല്ലാം അവൾ ചെയ്തതും അവളുടെ ഓർമ്മയ്ക്കായി പ്രസ്താവിക്കും' എന്നാണ് കർത്താവ് അവളുടെ പ്രവൃത്തിയെക്കുറിച്ച് പറഞ്ഞത്. ലൂക്കൊസ് 7:36-50 വാക്യങ്ങളിൽ ഒരു പാപിനിയായ സ്ത്രീയുമായി ബന്ധപ്പെടുത്തി ഏതാണ്ട് ഇതേ രീതിയിലുള്ള ഒരു സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. അവിടെയും ആതിഥേയന്റെ പേര് ശിമോൻ എന്നായിരുന്നു. അതിൽ സൂചിപ്പിച്ചിരിക്കുന്ന പാപിനിയായ സ്ത്രീ യോഹന്നാൻ 8:2-11 ഭാഗത്തു പറഞ്ഞിരിക്കുന്ന വ്യഭിചാരകർമ്മത്തിൽ പിടിക്കപ്പെട്ട സ്ത്രീ ആയിരിക്കാനാണ് സാധ്യത എന്നും ഒരുപക്ഷെ അവൾ മഗ്ദലന മറിയ ആയിരിക്കാമെന്നും അഭിപ്രായമുണ്ട്. മഹാകവി വള്ളത്തോൾ രചിച്ച 'മഗ്ദലന മറിയം' എന്ന ഖണ്ഡകാവ്യം മേല്പറഞ്ഞ അഭ്യൂഹത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്.

കർത്താവിനെ ഏറ്റവും സ്നേഹിച്ച ഒരു വ്യക്തിയായിരുന്നു ബേഥാന്യയിലെ മറിയ. അവൾ അവസരം കിട്ടുമ്പോഴൊക്കെയും

കർത്താവിന്റെ പാദപീഠത്തിൽ ഇരിക്കാനാണ് ആഗ്രഹിച്ചിരുന്നത്. അവൾ മറ്റെന്തിനെക്കാളും വിലമതിച്ചത് കർത്താവിന്റെ തിരുവായ്മൊഴി കളെയാണ്. എന്നാൽ ബേഥാന്യയിലെ അത്താഴത്തിനുശേഷം മറിയയെക്കുറിച്ചു നാം ഒന്നും കേൾക്കുന്നില്ല. യേശു കർത്താവിന്റെ ക്രൂശീകരണം, ഉയിർത്തെഴുന്നേൽപ്, ഏറ്റവും അടുത്ത ശിഷ്യരുടെ മുമ്പിലുള്ള പ്രത്യക്ഷപ്പെടൽ ഇവയെക്കുറിച്ചൊക്കെയും നാലു സുവിശേഷങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്. ആദ്യം മഗ്ദലന മറിയത്തിനും തുടർന്നു തന്റെ പല ഇഷ്ട ശിഷ്യർക്കും പ്രത്യക്ഷനായതിനെക്കുറിച്ചു നാം വായിക്കുന്നു. അവരിൽ ഒന്നുംതന്നെ ബേഥാന്യയിലെ മറിയയെക്കുറിച്ചുള്ള പരാമർശങ്ങൾ ഇല്ല. കർത്താവിന്റെ ക്രൂശീകരണ സമയത്ത് ദൂരവേ നിന്നു നോക്കികൊണ്ടിരുന്ന സ്ത്രീജനങ്ങളുടെ കൂട്ടത്തിലും ബേഥാന്യയിലെ മറിയ ഉൾപ്പെട്ടിരുന്നതായി പറയുന്നില്ല. ലൂക്കൊസ് 7:43ൽ പറയുന്നതുപോലെ 'അധികമിളച്ചുകിട്ടിയവൻ അധികം സ്നേഹിക്കും' എന്ന പ്രമാണമനുസരിച്ചുനോക്കിയാൽ മരിച്ചു നാലുദിവസത്തിനുശേഷം ദുർഗന്ധം വമിക്കുന്ന ശവശരീരത്തിന് ഉടമയായ സ്വസഹോദരനെ ഉയിർപ്പിച്ചതിനപ്പുറമായി എന്താണുള്ളത്?

കർത്താവ് തന്റെ ഉയിർത്തെഴുന്നേല്പിനുശേഷം ആദ്യമായി പ്രത്യക്ഷപ്പെടുന്നത് മഗ്ദലക്കാരത്തി മറിയയ്ക്കാണല്ലോ. ബേഥാന്യയിലെ മറിയയുമായി താരതമ്യം ചെയ്യുമ്പോൾ മഗ്ദലക്കാ രത്തി മറിയയെക്കുറിച്ച് വളരെ കുറച്ചു കാര്യങ്ങൾ മാത്രമേ ദൈവാത്മാവ് വെളിപ്പെടുത്തിയിട്ടുള്ളു. എന്നാൽ ബേഥാന്യയിലെ മറിയയുടെ വിശുദ്ധ വേദപുസ്തകപ്രകാരമുള്ള ചരിത്രം താഴെപ്പറയുന്ന തിരുവചനങ്ങളോടുകൂടെ അവസാനിക്കയാണ് 'അവൾ തന്നാൽ ആവത് ചെയ്തു...... സുവിശേഷം ലോകത്തിൽ ഒക്കെയും പ്രസംഗിക്കു ന്നേടത്തെല്ലാം അവൾ ചെയ്തതും അവളുടെ ഓർമ്മയ്ക്കായി പ്രസ്താവിക്കും' അങ്ങനെ ബേഥാന്യയിലെ മറിയയുടെ ദൗത്യം അവിടെ പൂർത്തിയാകുന്നു. എങ്കിലും ഒരു ചോദ്യം മാത്രം അവശേഷിക്കുന്നു. Rosemarie Siemens എന്ന ആംഗലേയ ഗായിക തന്റെ സുപ്രസിദ്ധമായ Good Friday ഗാനങ്ങളിൽ പാടിയതുപോലെ - "Where you there when they crucified my Lord?" (എന്റെ കർത്താവിനെ അവർ കുരിശിലേറ്റിയപ്പോൾ നീ അവിടെ ഉണ്ടായി രുന്നുവോ?) എന്ന ചോദ്യം ബേഥാന്യയിലെ മറിയയോട് ചോദിച്ചു കൊണ്ട് ഈ ലേഖനം ഇവിടെ സമാപിക്കുന്നു.

**ജോർജ് ജോൺ, തിരുവനന്തപുരം**

# നാഗന്മാരുടെ മാനസാന്തരം

**എഡ്വിൻ ക്ലാർക്ക്**

ഇന്ത്യയിൽ ഇന്ന് ഏറ്റവും ക്രൈസ്തവശതമാനം ഉള്ള സംസ്ഥാനമാണ് നാഗാലാൻഡ്. അവിടത്തെ ജനസംഖ്യയുടെ 90 ശതമാനവും ക്രൈസ്തവരാണ്. ഒരിക്കൽ തല കൊയ്യുന്നവർ എന്നറിയപ്പെട്ടിരുന്ന ആക്രമണകാരികളായ നാഗാഗോത്രവർഗ്ഗക്കാർക്ക് വന്ന മാറ്റത്തിന്റെ പിന്നിൽ ചിലരുടെ ത്യാഗപൂർണ്ണമായ അധ്വാനത്തിന്റെയും കണ്ണുനീരിന്റെയും കഥകൾ ഉണ്ട്.

**ശ്രീ മാനുവൽ പി. ജോസഫ് എഴുതിയ "പറഞ്ഞു തീരാത്ത കഥകൾ" എന്ന പുസ്തകത്തിൽ നിന്നുമാണിത്.**

നാഗാഗോത്രവർഗ്ഗക്കാരുടെ ഇടയിലെ ആദ്യമിഷണറിയായിരുന്ന എഡ്വിൻ ക്ലാർക്ക് 1830, ഫെബ്രുവരി 5-ന് ന്യൂയോർക്കിൽ ജനിച്ചു. 1857-ൽ ബ്രൗൺ യൂണിവേഴ്സിറ്റിയിൽനിന്ന് മാസ്റ്റേഴ്സ് ബിരുദം നേടിയ അദ്ദേഹം ഒരു സുവിശേഷപ്രസംഗകനായിത്തീർന്നു. 1868ൽ അദ്ദേഹം ഭാര്യ മേരിയുമൊത്ത് ഇന്ത്യയിലേക്ക് മിഷണറി വേലയ്ക്കായി കപ്പൽ കയറി. അമേരിക്കയിലെ ബാപ്റ്റിസ്റ്റ് മിഷണറി യൂണിയൻ ആണ് അവരെ അയച്ചത്. ആസ്സാമിലെ സിബ്സാഗറിൽ അവിടെയുള്ള മിഷൻ പ്രവർത്തനത്തിൽ സഹായിക്കാനാണ് അവർ എത്തിയത്.

അവിടെയിരിക്കുമ്പോഴാണ് ഭക്ഷണമന്വേഷിച്ച് ചുറ്റിത്തിരിയുന്ന ചില നാഗാ ഗോത്രവർഗ്ഗക്കാരെ ക്ലാർക്ക് കാണുവാനിടയാകുന്നത്. സിബ്സാഗറിന് എതിർവശത്ത് കാണുന്ന നാഗാ കുന്നിൻപ്രദേശങ്ങളിലെ അപകടകാരികളായ ഗോത്രവർഗ്ഗക്കാരിൽ പെട്ടവരാണവർ എന്ന് അന്വേഷണത്തിലറിഞ്ഞു. ആ ഗോത്രവർഗ്ഗക്കാരെക്കുറിച്ചുള്ള വലിയ ഭാരം അദ്ദേഹത്തിന്റെ ഉള്ളിൽ വളർന്നുവന്നു. അദ്ദേഹം ആ ഗോത്രവർഗ്ഗക്കാരുടെ ഇടയിലേക്ക് കടന്നുചെല്ലുവാൻ അതിയായി ആഗ്രഹിച്ചു. എന്നാൽ ബ്രിട്ടീഷ് അധികാരികൾ അതിന് അനുവാദം കൊടുത്തില്ല. എന്നാൽ സിബ്സാഗറിൽ അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ചിരുന്ന ഗോദുല എന്ന തദ്ദേശീയനായ സുവിശേഷകൻ ആ ഗോത്രവർഗ്ഗക്കാരുടെ ഇടയിലേക്ക് കടന്നുചെന്ന് ബന്ധങ്ങൾ ഉണ്ടാക്കിയെടുക്കാൻ തയ്യാറായി. അങ്ങനെ ആ നാഗാ കുന്നിൻപ്രദേശങ്ങളിലേക്കുപോയ ഗോദുല ഏതാനും മാസങ്ങൾക്കുശേഷം സിബ്സാഗറിൽ ക്ലാർക്കിന്റെ അടുക്കൽ തിരിച്ചെത്തി. കൂടെ 9 നാഗാഗോത്രക്കാരും ഉണ്ടായിരുന്നു. അവർ യേശു

ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുപറഞ്ഞ് ക്ലാർക്കിൽനിന്നും സ്നാനം സ്വീകരിച്ചു.

1872, ഡിസംബർ 18-ന് ബ്രിട്ടീഷ് ഗവൺമെന്റിൽനിന്നും അനുമതി ലഭിച്ച എഡ്വിൻ ക്ലാർക്ക് പെക്കാഹെയ്മോങ്ങ് എന്ന നാഗാ ഗ്രാമത്തിലേക്ക് യാത്രയായി. അവിടെ എത്തിച്ചേർന്ന് ഏതാനും ദിവസങ്ങൾക്കുള്ളിൽ മറ്റു 15 പേർ കൂടി സ്നാനം സ്വീകരിച്ചു. അങ്ങനെ ആദ്യത്തെ നാഗാസഭ ആരംഭിച്ചു.

ആ ആദ്യവിശ്വാസികളുടെ കൂട്ടത്തിന് ഗോത്രവർഗ്ഗക്കാരുടെയിടയിൽനിന്ന് വലിയ എതിർപ്പുകൾ തന്നെ നേരിടേണ്ടിവന്നു. വെള്ളക്കാരനായ ക്ലാർക്കിനെ അവർ സംശയത്തോടെയാണ് കണ്ടത്. എതിർപ്പിനെത്തുടർന്ന് ക്ലാർക്കും ആ ചെറുകൂട്ടം വിശ്വാസികളും അവിടെനിന്നും അല്പം അകലെയുള്ള ജനവാസമില്ലാത്ത ഒരു മലയിൽ ഒരു പുതിയ ഗ്രാമം ആരംഭിച്ചു. മോളങ്കിമോങ്ങ് എന്ന ആ ഗ്രാമം എല്ലാവിധത്തിലും വളർന്നുവന്നു. ദൈവത്തിന്റെ സംരക്ഷണത്തിൽ മാത്രം ആശ്രയിച്ചാണ് എതിർപ്പുകളുടെ നടുവിലും അദ്ദേഹവും കുടുംബവും ആ തലകൊയ്യുന്ന ഗോത്രവർഗ്ഗക്കാരുടെ ഇടയിൽ പ്രവർത്തിച്ചത്.

ക്ലാർക്ക് അവരുടെ ഭാഷ നന്നായി സ്വായത്തമാക്കുകയും അവരുടെ സ്വഭാവങ്ങളും രീതികളും നന്നായി മനസ്സിലാക്കുകയും ചെയ്തു. സാവധാനം അനവധിപ്പേർ ഗോത്രവർഗ്ഗരീതികൾ ഉപേക്ഷിച്ച് വിശ്വാസികളായി. സുവിശേഷം നാഗാഗോത്രവർഗ്ഗ ഗ്രാമങ്ങളെ ഒന്നൊന്നായി സ്വാധീനിക്കുവാൻ തുടങ്ങി.

ലിപിയില്ലാത്ത നാഗാഭാഷയ്ക്ക് ലിപിയുണ്ടാക്കുന്നതും ബൈബിൾ ആ ഭാഷയിലേക്ക് പരിഭാഷപ്പെടുത്തുന്നതും ആ ഗോത്രവർഗ്ഗക്കാരെ എഴുത്തും വായനയും പഠിപ്പിക്കുന്നതുമെല്ലാം വലിയ ബുദ്ധിമുട്ടേറിയ കാര്യമായിരുന്നു. എന്നാൽ എഡ്വിൻ ക്ലാർക്ക് ദൈവകൃപയിലാശ്രയിച്ച് അഹോരാത്രം അവരുടെ ഇടയിൽ വേല ചെയ്തു. 42 വർഷത്തെ നാഗാഗോത്രവർഗ്ഗക്കാരുടെ ഇടയിലുള്ള തന്റെ പ്രവർത്തനങ്ങൾക്കിടയിൽ രണ്ടു തവണ മാത്രമാണ് അദ്ദേഹം സ്വദേശത്ത് പോയി താമസിച്ചത്. 1911ൽ ക്ലാർക്കിന്റെ ആരോഗ്യം വളരെ ബലഹീനമായിത്തീർന്നു. അദ്ദേഹത്തിനപ്പോൾ 81 വയസ്സായിരുന്നു. അനാരോഗ്യം മൂലം ക്ലാർക്ക് അമേരിക്കയിലേക്കു മടങ്ങി. രണ്ടു വർഷങ്ങൾക്കുശേഷം 1913, മാർച്ച് 18-ന് എഡ്വിൻ ക്ലാർക്ക് നിത്യതയിലേക്ക് പ്രവേശിച്ചു.

1911-ൽ ക്ലാർക്ക് അമേരിക്കയിലേക്ക് പോകുമ്പോൾ സ്നാനപ്പെട്ടവരായി 1,128 നാഗാവിശ്വാസികളാണ് ഉണ്ടായിരുന്നത്. എന്നാൽ

ക്ലാർക്കിന്റെ അധ്വാനത്തിന്റെ പൂർണ്ണഫലം കാണാൻ തനിക്ക് കഴിഞ്ഞില്ലെങ്കിലും, വലിയ സുവിശേഷ മുന്നേറ്റം പിന്നീടുള്ള വർഷങ്ങളിൽ സംഭവിക്കുക തന്നെ ചെയ്തു. വിശ്വാസികളായ നാഗാഗോത്രവർഗ്ഗക്കാർ തങ്ങളുടെ ഗോത്രക്കാരെ മുഴുവൻ സുവിശേഷമറിയിക്കുവാൻ ദൃഢനിശ്ചയം ചെയ്തു. അതിനു വലിയ ഫലം ഉണ്ടാവുകയും ചെയ്തു. സുവിശേഷത്തിന്റെ അഗ്നി എല്ലാ നാഗാഗോത്രങ്ങളിലേക്കും വ്യാപിച്ചു. 1954 ൽ വിദേശ മിഷണറിമാരെയെല്ലാം ഗവൺമെന്റ് പുറത്താക്കിയപ്പോൾ 50 ശതമാനം നാഗാഗോത്രവർഗ്ഗക്കാരും ക്രൈസ്തവരായിരുന്നു. ഇന്ന് രണ്ട് ദശലക്ഷത്തോളം വരുന്ന നാഗാലാൻഡിലെ ജനസംഖ്യയിൽ 90 ശതമാനവും ക്രൈസ്തവരാണ്. അതിൽത്തന്നെ 75 ശതമാനത്തോളം ബാപ്റ്റിസ്റ്റ് സഭാംഗങ്ങളും.

നാഗാ വിശ്വാസികളിൽ എത്ര ശതമാനം ഇന്ന് യഥാർത്ഥ ക്രിസ്തുശിഷ്യന്മാരായുണ്ട് എന്ന ചോദ്യം പ്രസക്തമാണ്. ഒരു വലിയ അളവോളം ആത്മീയ അപചയം അവിടെ ഉണ്ടായിട്ടുണ്ട്. പാരമ്പര്യ ഗോത്രവർഗ്ഗ വിശ്വാസങ്ങൾകൂടി സ്വീകരിച്ചിരിക്കുന്നവരും ഏറെയുണ്ട്. എന്നിരുന്നാലും പണ്ട് അവർ എങ്ങനെയുള്ളവരായിരുന്നു എന്നു മനസ്സിലാക്കുമ്പോൾ എഡ്വിൻ ക്ലാർക്ക് എന്ന മിഷണറിയുടെ അദ്ധ്വാനത്തിന് ദൈവം നല്കിയ അദ്ഭുത ഫലത്തെയും രൂപാന്തരം വരുത്തുന്ന ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ശക്തിയെയും അവഗണിക്കുവാൻ നമുക്ക് കഴിയില്ല.

**മാനുവൽ പി. ജോസഫ്**

## Quest 8 – ന്റെ ശരി ഉത്തരങ്ങൾ

1. മനുഷ്യർക്ക് (സഭാപ്രസംഗി 3:11)
2. നല്ലപേർ (സഭാപ്രസംഗി 7:1)
3. കൃഷിതല്പരനായ ( സഭാപ്രസംഗി 5:9)
4. ജീവനുള്ള നായ് (സഭാപ്രസംഗി 9:4)
5. ക്ഷീണം ( സഭാപ്രസംഗി 12:12)
6. കുഴി കുഴിക്കുന്നവൻ (സഭാപ്രസംഗി 10:8)
7. സാധുവിന്റെ (സഭാപ്രസംഗി 9:16)
8. വിതെയ്ക്കുകയില്ല (സഭാപ്രസംഗി 11:4)
9. ദാവീദ് (സഭാപ്രസംഗി 1:1)
10. ജ്ഞാനം (സഭാപ്രസംഗി 9:16)
11. ചിരിയേക്കാൾ (സഭാപ്രസംഗി 7:3)
12. മുടിങ്കോൽപോലെ (സഭാപ്രസംഗി 12:11)
13. കഷ്ടപ്പാടിന്റെ (സഭാപ്രസംഗി 5:3)
14. കോഴ (സഭാപ്രസംഗി 7:7)
15. വലത്തു ഭാഗത്ത് (സഭാപ്രസംഗി 10:2)
16. ജ്ഞാനിക്ക് (സഭാപ്രസംഗി 2:14)
17. മൂഢൻ (സഭാപ്രസംഗി 4:5)
18. ജ്ഞാനം (സഭാപ്രസംഗി 8:1)
19. കൈകളുടെ ആലസ്യംകൊണ്ട് – (സഭാപ്രസംഗി 10:18)
20. സഭാപ്രസംഗി (സഭാപ്രസംഗി 4:12)

# വില്യം മക്ഡൊണാൾഡ് ആധുനിക ക്രിസ്ത്യാനികൾക്കൊരു വെല്ലുവിളി

'ബിലീവേഴ്സ് ബൈബിൾ കമന്ററി' (Believers Bible Commentary) എന്ന ഗ്രന്ഥത്തിലൂടെ ലോകമെമ്പാടും അറിയപ്പെടുന്ന വില്യം മക്ഡൊണാൾഡ് (ബിൽ) നമ്മൾക്ക് സുപരിചിതനാണ്. ഇന്നും ബൈബിൾ ഭാഗങ്ങൾ ശരിയായി മനസ്സിലാക്കാൻ നമ്മളിൽ പലരും ഈ പുസ്തകത്തെ ആശ്രയിക്കുന്നു. അദ്ദേഹത്തിന്റെ 'ട്രൂ ഡിസൈപ്പിൾഷിപ്പ്' (True Discipleship യഥാർത്ഥ ശിഷ്യത്വം) എന്ന പുസ്തകം നാമെല്ലാവരും വായിച്ചിട്ടുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. 60 വർഷക്കാലം കർത്താവിന്റെ വേലയ്ക്കായി സമർപ്പിക്കപ്പെട്ട ഒരു വേദാദ്ധ്യാപകൻ, പ്രസംഗകൻ, മാർഗ്ഗദർശി, കൂടാതെ 'ബിലീവേഴ്സ് ബൈബിൾ കമന്ററി' ഉൾപ്പെടെ 84 പുസ്തകങ്ങളുടെ രചയിതാവ് ഇതൊക്കെയായിരുന്നു വില്യം മക്ഡൊണാൾഡ് എന്ന വലിയ മനുഷ്യന്റെ ചെറിയ രൂപം. അദ്ദേഹം ദൈവവചനം വളരെയധികം പഠിപ്പിക്കയും അതുപോലെ തന്നെ എഴുതുകയും ചെയ്തു എങ്കിലും, അദ്ദേഹത്തെ അടുത്തറിയാവുന്നവരെ സംബന്ധിച്ചിടത്തോളം, അദ്ദേഹത്തിന്റെ ജീവിതമായിരുന്നു ഏറ്റവും അധികം അവരെ സ്വാധീനിച്ച പുസ്തകം.

കർത്താവായ യേശുവിനെക്കുറിച്ച് ബൈബിൾ ഇപ്രകാരം പറയുന്നു: 'അവനിൽ വസിക്കുന്നു എന്ന് പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു' (1 യോഹ. 2:6). വില്യം മക്ഡൊണാൾഡ് തന്റെ കമന്ററിയിൽ ഇങ്ങനെ എഴുതി: സുവിശേഷങ്ങളിൽ വിവരിച്ചിരിക്കുന്ന യേശുവിന്റെ ജീവിതമാണ് നമ്മുടെ മാതൃകയും വഴികാട്ടിയും. അത് നമ്മുടെ സ്വന്തം ശക്തിയിലോ ഊർജ്ജത്തിലോ ജീവിക്കാവുന്ന ഒന്നല്ല, മറിച്ച് പരിശുദ്ധാത്മാവിന്റെ ശക്തിയാൽ മാത്രം സാധ്യമാകുന്നതാണ്. നമ്മുടെ ഉത്തരവാദിത്തം; നമ്മുടെ ജീവിതം നിരുപാധികം കർത്താവിന് വിട്ടുകൊടുക്കുക എന്നതും, കർത്താവ് തന്റെ ജീവിതം നമ്മിലൂടെ ജീവിക്കാൻ അനുവദിക്കുക എന്നതുമാണ്. 1962-ലാണ് മക്ഡൊണാൾഡ് True Discipleship (യഥാർത്ഥ ശിഷ്യത്വം) എന്ന പുസ്തകം രചിച്ചത്. ക്രിസ്തു നടന്നതുപോലെ നടക്കുക എന്നതിന്റെ അർത്ഥമെന്താണെന്നതിന്റെ ഒരു സംഗ്രഹമായിരുന്നു അത്. അതിന്റെ ആമുഖത്തിൽ അദ്ദേഹം പറഞ്ഞു: പുതിയ നിയമത്തിലെ ശിഷ്യത്വത്തിന്റെ ചില തത്ത്വങ്ങൾ അവതരിപ്പിക്കാനുള്ള ഒരു ശ്രമമാണ് ഈ ലഘുപുസ്തകം. നമ്മളിൽ ചിലർ വർഷങ്ങളായി വചനത്തിൽ ഈ തത്ത്വങ്ങൾ കാണുന്നുണ്ട്, എന്നാൽ നാം ജീവിക്കുന്ന ഈ

സങ്കീർണ്ണമായ കാലഘട്ടത്തിൽ അവ അപ്രായോഗികമാണെന്ന് നാം കരുതി. അങ്ങനെ നമ്മുടെ ആത്മീയ ചുറ്റുപാടിലെ തണുപ്പിന് നാം കീഴടങ്ങി. എന്നാൽ പിന്നീട് ഞങ്ങൾ ഒരു കൂട്ടം യുവ വിശ്വാസികളെ കണ്ടുമുട്ടി. രക്ഷകന്റെ ശിഷ്യത്വവ്യവസ്ഥകൾ പ്രായോഗികമാണെന്ന് മാത്രമല്ല, ലോകസുവിശേഷീകരണത്തിന് ആ വ്യവസ്ഥകൾ മാത്രമാണ് ഏക പോംവഴിയെന്ന് അവർ തെളിയിച്ചുകൊണ്ടിരുന്നു. ഇവിടെ വിവരിക്കുന്ന പല സത്യങ്ങൾക്കും ജീവിക്കുന്ന ഉദാഹരണ ങ്ങളായിത്തീർന്ന ആ യുവാക്കളോട് ഞങ്ങൾ കടപ്പെട്ടിരിക്കുന്നു.

"ക്രിസ്തീയ ശിഷ്യത്വത്തിന്റെ ഏഴ് തത്ത്വങ്ങൾ" മക്ഡൊ ണാൾഡ് രേഖപ്പെടുത്തിയത് ഇങ്ങനെയാണ്.

(1) യേശുക്രിസ്തുവിനോടുള്ള പരമോന്നതമായ സ്നേഹം (Supreme love) (2) സ്വയത്തെ ത്യജിക്കൽ (3) മനഃപൂർവ്വം ക്രൂശിനെ തിരഞ്ഞെ ടുക്കൽ (4) ക്രിസ്തുവിനെ അനുഗമിക്കുന്നതിനായി ചെലവഴിക്കുന്ന ജീവിതം (5) ക്രിസ്തുവിനു എല്ലാവരോടുമുള്ള ആഴമായ സ്നേഹം (6) ക്രിസ്തുവിന്റെ വചനത്തിൽ അചഞ്ചലമായി നിലനില്ക്കുക. (7) ക്രിസ്തുവിനെ അനുഗമിക്കാൻ തടസ്സമായി നില്ക്കുന്നതെല്ലാം ഉപേക്ഷിക്കുക.

അസാധ്യമെന്നു തോന്നുന്ന ഈ നിലവാരങ്ങളാൽ വെല്ലു വിളിക്കപ്പെട്ട മക്ഡൊണാൾഡ് ഇങ്ങനെ എഴുതി. ഇവ എഴുതുമ്പോൾ തന്നെ താൻ ഒരു പ്രയോജനമില്ലാത്ത ദാസനാണെന്ന് എഴുത്തുകാരൻ തിരിച്ചറിയുന്നു. എന്നാൽ ദൈവ ജനത്തിന്റെ പരാജയം കാരണം ദൈവ ത്തിന്റെ സത്യം എന്നെന്നേക്കുമായി അടിച്ചമർത്തപ്പെടണമോ? സന്ദേശവാഹകനേക്കാൾ വലുതാണ് സന്ദേശം എന്നത് സത്യമല്ലേ? സന്ദേശം തീർച്ചയായും വലുതാണ്.

കാലിഫോർണിയയിൽ സാൻ ഫ്രാൻസിസ്കോയ്ക്കടുത്തുള്ള സാൻലിയാൻഡ്രോയിലുള്ള തന്റെ അപ്പാർട്ട്മെന്റിലേക്കുള്ള വഴിയിൽ തപാൽ പെട്ടികൾ കാണാം. ഏതാനും ബ്ലോക്കുകൾക്കപ്പുറത്തുള്ള ഫെയർഹേവൻ ബൈബിൾ ചാപ്പലിൽ (Fairhaven Bible Chapel) കത്തു കൾ വരാനാണ് അദ്ദേഹം ആഗ്രഹിച്ചത്. എല്ലാ ദിവസവും അദ്ദേഹം അവിടെ പോവുകയും സെക്രട്ടറിമാരെ അഭിവാദ്യം ചെയ്യുകയും കത്തുകൾ വാങ്ങുകയും ചെയ്യുമായിരുന്നു. അവിടെ അദ്ദേഹം 'ഡിസൈപ്പിൾഷിപ്പ് ഇന്റേൺ ട്രെയിനിംഗ് പ്രോഗ്രാം' തുടങ്ങാൻ സഹായിക്കുകയും 21 വർഷത്തോളം അധ്യാപകനായി സേവനമ നുഷ്ഠിക്കുകയും ചെയ്തു. നിങ്ങൾ സ്റ്റെപ്പുകൾ കയറി ചെല്ലുമ്പോൾ, പുഞ്ചിരിയോടെയും ഹൃദ്യമായ ഹസ്തദാനത്തോടെയും അദ്ദേഹം വാതിൽക്കൽ കാത്തുനില്ക്കുന്നുണ്ടാകും. പ്രായമാകുമ്പോൾ പലരും മുൻകോപികളാകുമ്പോൾ, താൻ കൂടുതൽ സ്നേഹമുള്ളവനും സഹ

താപമുള്ളവനുമായി മാറി, കുറച്ചു കൂടെ ക്രിസ്തുവിനെപ്പോലെ ആയിക്കൊണ്ടിരുന്നു.

അപ്പാർട്ട്മെന്റിലേക്ക് കടക്കുമ്പോൾ ഇടതുവശത്ത് ഒരു ചെറിയ അടുക്കള കാണാം. മറ്റുള്ളവർ അടുക്കള മോടിപിടിപ്പിക്കാൻ പണം ചെലവാക്കുമ്പോൾ തന്റെ അടുക്കള 35 വർഷമായി മാറ്റമില്ലാതെ തുടർന്നു. അതിഥികൾക്ക് ഭക്ഷണം പാകം ചെയ്യുന്നത് അദ്ദേഹം ആസ്വദിച്ചിരുന്നു. അതിഥി സൽക്കാരത്തിന് സ്വർഗ്ഗത്തിൽ അവാർഡ് ഉണ്ടായിരുന്നെങ്കിൽ അത് തനിക്ക് ലഭിക്കുമായിരുന്നു. അടുക്കളയ്ക്ക് അപ്പുറം ചുവരിലേക്ക് നീക്കി വെച്ച ഒരു ചെറിയ മേശയും കസേരകളും കാണാം. അദ്ദേഹത്തിന് വേണ്ടി കുട്ടികൾ നിർമ്മിച്ചതായിരുന്നു അത്. അദ്ദേഹം ജനിച്ചത് അമേരിക്കയിലാണെങ്കിലും മാതാപിതാക്കളുടെ നാടായ സ്കോട്ട്ലൻഡിനോട് അദ്ദേഹത്തിന് വലിയ താല്പര്യമായിരുന്നു. ഭക്ഷണത്തിനുശേഷം അതിഥികളുമായി ചെറിയ ബൈബിൾ ക്വിസ് മത്സരങ്ങൾ നടത്തുന്നത് അദ്ദേഹത്തിന് ഇഷ്ടമായിരുന്നു.

ലിവിംഗ്റൂമിൽ മൂന്ന് കസേരകളും പുസ്തകഷെൽഫുകളും ഒരു ചെറിയ ഇലക്ട്രോണിക് കീബോർഡും ഉണ്ടായിരുന്നു. രാത്രികളിൽ അദ്ദേഹം ദൈവത്തിനായി കീബോർഡിൽ ഗീതങ്ങൾ വായിച്ചിരുന്നു. അദ്ദേഹത്തിന്റെ സ്വകാര്യ ലൈബ്രറി വളരെ ചെറുതാക്കി വയ്ക്കാൻ ശ്രദ്ധിച്ചിരുന്നു. പുതിയ പുസ്തകങ്ങൾ വരുമ്പോൾ പഴയവ അദ്ദേഹം യുവ വിശ്വാസികൾക്ക് സമ്മാനമായി നല്കുമായിരുന്നു. ഒരിക്കൽ വലിയൊരു വാല്യം പുസ്തകങ്ങൾ കൈവശം വച്ചപ്പോൾ അതൊരു പണ്ഡിതനാണെന്ന തോന്നൽ നല്കുന്നുവെന്ന് അദ്ദേഹം തമാശയായി പറയുമായിരുന്നു. എന്നാൽ അവ വായിച്ചിട്ടില്ലെന്ന് തിരിച്ചറിഞ്ഞപ്പോളുടനെ അവ വിറ്റ് ആ പണം കർത്താവിന്റെ വേലയ്ക്കായി നല്കി .തന്റെ മുറിയിലെ ജനലിലൂടെ കാണുന്ന കാഴ്ചകളെക്കുറിച്ചോ പുറത്തെ ശബ്ദങ്ങളെക്കുറിച്ചോ അദ്ദേഹം പരാതിപ്പെട്ടില്ല. ചെറിയ കാര്യങ്ങൾ തന്നെ അലട്ടാൻ അദ്ദേഹം അനുവദിച്ചില്ല. അദ്ദേഹത്തിന് അതിലും പ്രധാനപ്പെട്ട കാര്യങ്ങൾ ചെയ്യാനുണ്ടായിരുന്നു തനിക്കുണ്ടായിരുന്ന മൂന്ന് മേശകളിൽ ഒന്ന് ബൈബിൾ പഠനത്തിനായി മാത്രം അദ്ദേഹം ഉപയോഗിച്ചു. തനിക്ക് കിംഗ് ജയിംസ് വേർഷൻ (KJV) ആയിരുന്നു പ്രിയപ്പെട്ടതെങ്കിലും എല്ലാ വിവർത്തനങ്ങളെയും അദ്ദേഹം ബഹുമാനിച്ചു. ബൈബിൾ വ്യാഖ്യാനങ്ങളിൽ ആരെങ്കിലും തർക്കിച്ചാൽ അദ്ദേഹം വിനയത്തോടെ പറയുമായിരുന്നു. 'പ്രിയ സഹോദരാ, നമ്മൾ സ്വർഗ്ഗത്തിൽ എത്തുമ്പോൾ നമ്മളിൽ ഒരാൾക്ക് തെറ്റിയെന്ന് മനസ്സിലാകും, ചിലപ്പോൾ അത് എനിക്കായിരിക്കും'.

തനിക്ക് ഹീബ്രു ഭാഷയോ ഗ്രീക്ക് ഭാഷയോ കാര്യമായി അറിയില്ലായിരുന്നു. എന്നാൽ ഇംഗ്ലീഷ് ബൈബിളിൽ പ്രാവീണ്യം നേടുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. വലിയ പണ്ഡി തന്മാരെപ്പോലെ അദ്ദേഹത്തിന് വചനം മനഃപാഠമായിരുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഫോൺ കോളുകൾക്ക് മറുപടി നല്കുവാനും അദ്ദേഹം സമയം കണ്ടെത്തി. 80-ാം വയസ്സിൽ അദ്ദേഹം തന്റെ എൺപതാമത്തെ പുസ്തകം പൂർത്തിയാക്കി. തന്റെ 91-ാംജന്മദിനത്തിന് തൊട്ടുമുമ്പ് ക്രിസ്തുവിനോട് ചേരുന്നതിനു ഏതാനും ആഴ്ചകൾക്ക് മുമ്പാണ് അദ്ദേഹം തന്റെ 84 -മത്തെ പുസ്തകം (സദൃശ്യവാക്യങ്ങളുടെ കമന്ററി) പൂർത്തിയാക്കിയത്. 65-ാം വയസ്സിൽ ആദ്യമായി കമ്പ്യൂട്ടർ ഉപയോഗിക്കാൻ പഠിച്ച അദ്ദേഹം, ആധുനിക സാങ്കേതികവിദ്യ കർത്താവിന്റെ വേലയ്ക്കായി ഉപയോഗിച്ചു.

തന്റെ അപ്പാർട്ട്മെന്റിലെ മിക്കവാറും സമയവും അദ്ദേഹം പഠനത്തിനും എഴുത്തിനുമായി മാറ്റിവച്ചു. തന്റെ ജീവിതം കഠിനാധ്വാനവും ഏകാന്തതയും നിറഞ്ഞതായിരുന്നുവെന്ന് അദ്ദേഹം തന്റെ ഡയറിയിൽ കുറിച്ചിട്ടുണ്ട്. തന്റെ കമന്ററി ഏതെങ്കിലും വിദേശ ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെടുമ്പോഴാണ് അദ്ദേഹം ഏറ്റവും കൂടുതൽ സന്തോഷിച്ചിരുന്നത്. (മലയാളത്തിലും പരിഭാഷപ്പെടു ത്തിയിട്ടുണ്ട്). തന്റെ കിടപ്പുമുറിയിൽ പഴയ ഫർണിച്ചറുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. കാഴ്ചശക്തി കുറയുന്നതുവരെ അദ്ദേഹം പുസ്ത കങ്ങൾ വായിക്കുമായിരുന്നു. വസ്ത്രങ്ങൾക്കായി അദ്ദേഹം വളരെ കുറച്ച് മാത്രമേ ചെലവാക്കിയിരുന്നുള്ളൂ. 50 വർഷമായി ഉപയോഗിക്കുന്ന ഒരു പഴയ പെട്ടിയുമായി അദ്ദേഹം വചനം പഠിപ്പിക്കാൻ ലോകം മുഴുവൻ സഞ്ചരിച്ചു.

ഇന്ന് നിങ്ങൾ ആ അപ്പാർട്ട്മെന്റിൽ ചെന്നാൽ വില്യം മക്ഡൊണാൾഡ് എന്ന ആ വലിയ മനുഷ്യനെ അവിടെ കാണില്ല. 2007 ക്രിസ്മസ് ദിനത്തിൽ അദ്ദേഹം താൻ പ്രിയം വച്ച് കാത്തിരുന്ന യേശുവിന്റെ അടുത്തേക്ക് യാത്രയായി. ഈ ഭൂമിയിൽ അദ്ദേഹം സമ്പാദ്യങ്ങളൊന്നും ബാക്കിവച്ചില്ല. തന്റെ ആവശ്യത്തിന് അധികമായി ലഭിച്ചതെല്ലാം അദ്ദേഹം മറ്റുള്ളവർക്കായി നില്കി. അദ്ദേഹം എഴുതിയ പുസ്തകങ്ങളും അദ്ദേഹം കാണിച്ചുതന്ന മാതൃകയും ഇന്നും നമുക്കൊപ്പമുണ്ട്. അദ്ദേഹത്തിന്റെ ജീവിതം നമ്മൾക്ക് യേശുവിന്റെ ഓർമ്മ നല്കുന്നു.

നമ്മുടെ കാലഘട്ടത്തിൽ കർത്താവിനായി ജീവിച്ചിരുന്ന ഈ ശിഷ്യന്റെ ജീവിതത്തിലൂടെ കൂടുതൽ യുവാക്കൾ യേശുവിനായി വെല്ലു വിളിക്കപ്പെടട്ടെ! നമ്മുടെ കർത്താവിന്റെ പരിശുദ്ധനാമം മാത്രം വാഴ്ത്ത പ്പെടുമാറാകട്ടെ.

**ഡോ. ഉമ്മൻ ഫിലിപ്പ്, തിരുവനന്തപുരം**

# കാരുണ്യനാഥാ...



അന്നമ്മ സി. ജോൺ

കാരുണ്യനാഥാ കാൽവറി അൻപേ
കനിയണമേ അഗതി എന്നിൽ നീ
ഉള്ളം ഉയർത്തിടുന്നു ഉന്നതമാം ഗിരിയിൽ
കേഴുന്നു കരുണയ്ക്കായ് കനിയേണമേ

ഒരു കണ്ണാലും ദയ തോന്നിയില്ല
നീ എന്നെ തേടി വന്നല്ലോ
എന്നെ നീ സ്നേഹിച്ചു നിൻ പൈതലാക്കി
നിൻ മരണമെത്രയോ ചിന്തനീയമേ
കാരുണ്യനാഥാ...

എനിക്കുവേണ്ടി നീ ചെയ്തതോർക്കുമ്പോൾ
ഒന്നിനും ഞാൻ യോഗ്യയല്ലല്ലോ
നിന്നെയെന്നും ഞാൻ സ്നേഹിച്ചിടുവാൻ
നിൻ കൃപയെന്മേൽ ചൊരിയണമേ
കാരുണ്യനാഥാ...

ഒരുനാളിൽ നീ താണുവന്നല്ലോ
വീണ്ടും വരുമേ ജയവീരനായ്
കാത്തിരിക്കുന്നു നിൻവിശുദ്ധന്മാർ
നിന്നോടുകൂടെന്നും വാണീടുവാനായ്
കാരുണ്യനാഥാ...

## Bible Quiz

**ഈ ലക്കം Quest 9 – ലെ ചോദ്യങ്ങൾ ഉത്തമഗീതത്തിൽ നിന്നും യെശയ്യാ പ്രവചനം 1 മുതൽ 30 വരെ ഉള്ള അദ്ധ്യായങ്ങളിൽ നിന്നുമാണ്.**

1. എഫ്രയീമിന്റെ ഭംഗിയുള്ള അലങ്കാരത്തെ എന്തിനോട് ഉപമിച്ചിരിക്കുന്നു.?
2. "വരുവിൻ; നമുക്കു യഹോവയുടെ വെളിച്ചത്തിൽ നടക്കാം" എന്ന് പറഞ്ഞത് ആരോടാണ്?
3. "നിങ്ങൾക്കു വിശ്വാസം ഇല്ലെങ്കിൽ സ്ഥിരവാസവുമില്ല" എന്ന് പറഞ്ഞിരിക്കുന്ന വേദഭാഗം ഏത്?
4. രാജ്യങ്ങളുടെ മഹത്ത്വവും കല്ദയരുടെ പ്രശംസാലങ്കാരവും ആരാണ്?
5. "സാവധാനത്തോടെ ഒഴുകുന്നു" എന്ന് പറയുന്നത് എന്തിനെയാണ്?
6. "കാവൽക്കാരാ, രാത്രി എന്തായി?" എന്ന് വിളിച്ചു ചോദിച്ചത് എവിടെ നിന്നാണ്?
7. ഭണ്ഡാരപതിയും രാജധാനി വിചാരകനും ആയിരുന്നത് ആര്?
8. യഹോവയുടെ ന്യായവിധികൾ ഭൂമിയിൽ നടക്കുമ്പോൾ ഭൂവാസികൾ പഠിക്കുന്നത് എന്ത്?
9. യിസ്രായേലിന്റെ വെളിച്ചം ഒരു തീയാണെങ്കിൽ അവന്റെ പരിശുദ്ധൻ എന്തായിരിക്കും?
10. മോവാബിന്റെ പുത്രിമാർ കൂടുവിട്ടലയുന്ന പക്ഷികളെപ്പോലെ ഇരിക്കുന്നതെവിടെ?
11. കല്ദയരുടെ ദേശത്തെ മരുമൃഗങ്ങൾക്കായി നിയമിച്ചത് ആരാണ്?
12. യഹോവയുടെ മേഘനാദത്താൽ തകർന്നു പോകുന്നത് ആര്?
13. പേക്കഹ് ഏത് രാജ്യത്തിന്റെ രാജാവായിരുന്നു?
14. എല്യാക്കീം ആരുടെ മകനായിരുന്നു.?
15. മുന്തിരിചെടികളും മാതള നാരകങ്ങളും ഉള്ള തോട്ടം ഏത്?
16. ശലോമോന് ഒരു മുന്തിരിത്തോട്ടം ഉണ്ടായിരുന്നത് എവിടെ?
17. കാന്തയുടെ വസ്ത്രത്തിന്റെ വാസന എന്തിന്റെ വാസനപോലെ ഇരിക്കുന്നു?
18. മുന്തിരിവള്ളി നശിപ്പിക്കുന്നത് ആര്?
19. പ്രിയ ഏതുപോലെ സൗന്ദര്യമുള്ളവൾ ആണ്?
20. സുഗന്ധം വീശുന്ന പഴം ഏത്?

### പ്രത്യേക ശ്രദ്ധയ്ക്ക്

ക്വെസ്റ്റ് 9-ന്റെ ഉത്തരങ്ങൾ റഫറൻസ് സഹിതം 2026 ഒക്ടോബർ 30-നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം തപാൽവഴിയോ, വാട്ട്സ് ആപ്പിലോ അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**വാട്ട്സ് ആപ്പ് നമ്പർ : 9087144349, : 8281748768**

ഉത്തരങ്ങൾ പോസ്റ്റ് വഴി അയയ്ക്കേണ്ട വിലാസം :

Good News Educational Society
P.O. Box 2501, M.C.P.O. Trivandrum - 695011

**Printed at Grace Printers, Muttada, Trivandrum (Mob: 9447059891) for Good News Educational Society, P.O. Box 2501, M.C.P.O. Trivandrum 11**